# സത്യപൂജ

സഖിയായെനിക്കുണ്ടു ലോകത്തിൽത്തനിയാ–

ളൊരുവ,ളവളെ സ്മരിക്കാൻ,
കപടത നെയ്തിട്ട മൂടുപടം മാറ്റി–
ട്ടവളെ ഹാ, സാക്ഷാൽക്കരിക്കാൻ,
സകലാന്ധകാരവും നീങ്ങിയാൽക്കാണുമാ–
സ്സുലളിതരശ്മിയെപ്പുൽകാൻ,
കുടിലകല്ലോലമെൻ ജീവിതം ശാശ്വത–
തടിനിയായ് നീണ്ടൊഴുകീടാൻ,
കൊതിയുണ്ടെനിക്ക,തേ, കുതികൊൾവിതെൻ മന–
സ്സതിനായിട്ടെന്തും സഹിക്കാൻ!

ഽഽഽ

കളിയാക്കിടാമീയുപാസകനെപ്പക്ഷേ
പലപേരും പണ്ഡിതമുഖ്യർ:
കവിതയല്ലാത്തൊരിക്കേവലതത്ത്വത്തിനെ,–
പ്പൊരുളിനെ, സ്നേഹിച്ചിടാമോ?
അലം, അറിയുന്നീലെൻമാദകപ്രേമമീ–
'ത്തിര കടലല്ലെ'ന്ന വാദം:
കലശാംബുരാശിയെ വിസ്മരിച്ചെങ്ങനെ
കളതരംഗത്തെ ഞാൻ കാണ്മൂ?
കവിതേ, നിൻശാശ്വതത്വത്തെയല്ലോ മമ
കരളോർപ്പൂ സാക്ഷാൽക്കരിക്കാൻ!

ഽഽഽ

വിമലതേ, വന്ദ്യസിംഹാസനാധിഷ്ഠിതേ,
വിജയിക്ക സത്യമേ, ദേവീ!
ഭവതിയെപ്പൂജിച്ചു സന്തൃപ്തി നേടുവാ–
നവിരതമെന്നഭിലാഷം:
ഭവതിതൻ മഞ്ജുഗീതത്തിലെൻചേതന
ഗഹനാശയേ, രമിക്കാവൂ!

# വീണയും മനുഷ്യനും

വട്ടാമ്പിയിങ്കൽപ്പെരിന്തലമണ്ണയ്ക്കു

പായുവാൻ നില്ക്കുന്ന ബസ്സിലിരിക്കവേ

നട്ടുച്ചനേരത്തു കേട്ടു ഞാൻ ദൂരെനി–
ന്നൊട്ടൊട്ടടുത്തു വരുമൊരു വൈഖരി.

വീണ വായിയ്ക്കുകയാണൊരു യാത്രികൻ
വീഥി നിശ്ശ്വാസം ചെവിപാർത്തുനില്ക്കവേ.

ഉപ്പുംമുളകുകൾ, ആപ്പും കടികളും,
സോപ്പുചീർപ്പും, പാക്കു വെറ്റില ബീഡിയും,

വസ്ത്രത്തരങ്ങളും വില്ക്കുന്ന ഷാപ്പുക–
ളത്രയും പെട്ടെന്നു നിർജ്ജീവബിംബമായ്,

ഉണ്ണികളോടിക്കിതച്ചുവരികയായ്,–
ക്കണ്ണിലെജ്ജിജ്ഞാസ കത്തിവിരികയും.

കമ്പിയും വർണ്ണക്കടലാസ്സുതുണ്ടവും
കമ്പുമരങ്ങളും ചേർന്നെഴും വീണകൾ

പത്തമ്പതല്ലയോ, പാട്ടു വായിക്കുമീ
വൃദ്ധനാം കൊങ്ങൻ ചുമക്കുന്നു കൊട്ടയിൽ!

വിൽപ്പനയ്ക്കുള്ളവയാവണം സംഗീത–
വിദ്യുത്തുറങ്ങും മടകളീ വീണകൾ.

ആകി,ലെന്താരൊടും 'വേണമോ വീണ'യെ–
ന്നാരാഞ്ഞിടാത്തൂ? കിറുക്കനോ, ദൈവമേ?

'ചെട്ടിയാരേ, വീണ വിൽക്കുവാനല്ലയോ?'
കുട്ടികളൊപ്പം നടന്നു ചോദിക്കിലും

വീഥിയെ സ്തബ്ധമാക്കാവും പരാക്രമി–
വീരനാം രാജാധിരാജനെപ്പോലവേ

ഉച്ചവെയ്‌ലേറ്റു തളർന്നും വിയർത്തുമാ
സ്വച്ഛഗീതം തൂകി നീങ്ങുകയാണവൻ

പാദപാതത്തിലയഞ്ഞൊരു നിഷ്ഠയും
പാതിയടഞ്ഞ നിഷ്പന്ദമാം കണ്ണുമായ്.

ചോദ്യശിലകളഖിലമത്താപസ–
ഹൃത്തിലെ സ്വപ്നസ്ഫടികച്ചുമർകളിൽ

തട്ടിത്തെറിച്ചു മഴത്തുള്ളിപോ,ലൊരു
കുട്ടിക്കു നിൽക്കപ്പൊറുതികെടുംവരെ.

'പൊട്ടനോ താ'നെന്നു വൃദ്ധന്റെ കീറിയ
ഷർട്ടിൽപ്പിടിച്ചാച്ചിടുങ്ങൻ വലിക്കവേ.

ഒന്നു നടുങ്ങിത്തിരിഞ്ഞുനിന്നദ്ദേഹ–
മുണ്ണികളോടലിഞ്ഞുൽസ്മിതം തൂകവേ,

അഞ്ചെട്ടു വീണകൾ വിറ്റുതീർന്നപ്പൊഴേ–
യ്ക്കശ്രുകണക്കെപ്പൊടിഞ്ഞിതക്കൺകളിൽ

കൊങ്ങിലൊരു പുൽക്കുടിലിനു ചുറ്റിലും
തങ്ങുമൊരു പിതൃഹൃത്തിൻ തുടിപ്പുകൾ.

മർത്ത്യമനസ്സിന്റെ നോവിലാം സംഗീത–
വിദ്യുത്തുണരുന്നതെന്നറിയായ്കയാൽ

തന്നുടെ തന്നുടെ വീണ മീട്ടിടുവാ–
നുന്നിപ്പരാജിതരാകവേ കുട്ടികൾ,

കെട്ടുപോയാ മുഖത്താമരപ്പൂക്കളി–
ലൊട്ടുക്കൊളിചിന്നുമുത്സാഹവായ്പുകൾ.

'ആറ്റുകിക്കൊച്ചുപൈതങ്ങൾ തൻ ഖേദ'മെ–
ന്നാത്മാവിൽ നിന്നൊരു ശാസനം കേൾക്കവേ,

എന്തുള്ളു കർത്തവ്യമെന്നൊരു നീറുന്ന
ചിന്തയെപ്പോലെ വിക്രേതാവു നിന്നുപോയ്:

താനേ തളർന്നിതാക്കയ്പ്പടം, കൽച്ചില്ലിൽ
വീണു നാണ്യങ്ങളലമുറക്കൊൾകയായ്.

ബസ്സു പെട്ടെന്നു മുരണ്ടു ചലിക്കവേ
മത്സിരാകൂടത്തിൽ മൂളിയീസ്സംശയം:

ഏതു ശരീരശാസ്ത്രജ്ഞനാൽസ്സാധ്യമാ–
ച്ചേതോവികാരപ്രപഞ്ചമളക്കുവാൻ?

ഏതു പുരോഹിതനാവുമീ മണ്ണിലെ–
പ്പാതയിൽക്കാണാകുമീശനെക്കുമ്പിടാൻ?

# കുട്ടപ്പൻ എന്ന കോമരം

വണിയില്ലാതെ തെണ്ടിനടന്നൂ
പാറത്തൊടിയിൽ കുട്ടപ്പൻ

പള്ളപൊറുപ്പിനു കോമരമായി–
ത്തുള്ളിച്ചാടിയ കുട്ടപ്പൻ.

അമ്പലനടയിൽ ചാടിച്ചാടിയൊ–
രമ്പതുകൊല്ലം തീർന്നില്ലേ?

തന്നാലിനിമേലാവില്ലപ്പണി–
യെന്നൊരു കാലം വന്നില്ലേ?

പീടികതോറും വീടുകൾതോറും
പിച്ചയെടുത്തു നടക്കുമ്പോൾ

ആൽത്തറയിന്മേൽ കേറിയിരുന്നവ–
നൽപ്പം നേരം ചിന്തിച്ചു:

‘‘മണ്ണൊടു ചേരാറായീ കാലം:
മടിയിലൊരൊറ്റക്കാശില്ല.

എന്തിനുവേണ്ടിജ്ജീവിച്ചൂ ഞാ–
നെന്നതിനുത്തരമില്ലല്ലോ!

കോവിലിലുണ്ടൊരൊരുമ്പെട്ടവൾ; അവൾ
തൂവിടുമെന്നിൽ കാരുണ്യം

എന്നു ധരിച്ചു: കണ്ണുമിഴിച്ചീ–
ലെന്നുടെ നേരെക്കൂത്തിച്ചി.

എന്തുപിഴച്ചൂ കുട്ടികൾ? മേലാ–
ലെല്ലാർക്കും വഴിയാധാരം!

പാരിലെനിക്കിനി മറ്റാരുള്ളൂ
പേരാലേ, നീയല്ലാതെ

കാരണവപ്പാടെ,ൻകാമിലയിൽ
കരണീയത്തെത്തെളിയിക്കാൻ?’’

ഒരു പടി നാവാൽ പേരാലോതിയ
മറുപടി കേൾക്കെക്കുട്ടപ്പൻ

പിച്ചപ്പാളയെറിഞ്ഞൂ ദൂരെ,യ–
തുച്ചച്ചൂടിലുണങ്ങിപ്പോയ്.

ഝഝഝ

പിറ്റേദ്ദിവസം പുലരുംനേരം
മറ്റൊരു ദേശം കാണുന്നു:

പേരാൽത്തറയിൽ കുത്തിയിരിപ്പൂ
പേരില്ലാത്തൊരു സന്യാസി

ഭസ്മം പൂശിയ ദേഹത്തോടെ,
ഭക്തന്മാരിൽ കൃപയോടെ.

നാനാവ്യാധിക്കാരായാളുടെ
നാലുപുറത്തും നിൽക്കുന്നു;

കഥ വിവരിച്ചവർ തേങ്ങിത്തേങ്ങി–
ക്കരയുന്നതവൻ കാണുന്നു.

നെഞ്ചിലിടംകൈ ചേർത്തിട്ടിന്ദ്രിയ–
മഞ്ചുമടച്ചാസ്സന്യാസി

മന്ത്രം ചൊല്കെക്കവിളിൽദ്ദുഃഖം
പന്തംപോലെത്തെളിയുന്നു.

ഒടുവിൽ വലംകൈമുഷ്ടി വലിച്ചവ–
നൊരു പിടി വെണ്ണീററെറിയുമ്പോൾ

വിട്ടൊഴിയുന്നൂ മാറാവ്യാധിക–
ളൊട്ടുക്കെ,ന്തു മഹാശ്ചര്യം!

ഡോലിയിൽ വന്നവർ ദൈവം നൽകിയ
കാലിൽത്തിരികേ പോകുമ്പോൾ

കനകം പെയ്തൂ യമിയുടെ കാൽക്കൽ
കാവിൽക്കോഴിത്തലപോലെ.

ഝഝഝ

എന്നാൽ സൂര്യൻ മറ്റൊരു നാളിൽ
കുന്നിൻമുകളിലുദിച്ചപ്പോൾ

ആൽത്തറവക്കത്താർത്തന്മാരു–
ണ്ടനവധി നിന്നു പരുങ്ങുന്നു.
ആരുമൊരക്ഷരമുരിയാടുന്നി–
ല്ലാൽത്തറയിന്മേലാളില്ല!

എവിടെപ്പോയീ മാന്ത്രികനിന്നേ–
യ്ക്കെവിടെപ്പോയീ സന്യാസി?

ഭസ്മം പൂശിക്കുത്തിയിരുന്നൊരു
ഭക്തജനപ്രിയനെവിടെപ്പോയ്?

ഝഝഝ

തിരികേ നാട്ടിൽ ചെന്നൊരു പുത്തൻ–
പുര തീർപ്പിച്ചൂ കുട്ടപ്പൻ,

പുരയിൽ കട്ടിലിൽ മെത്തയിലാദ്യം
പിരടി നിവർത്തീ കുട്ടപ്പൻ.

ഒന്നു മയങ്ങി, മയങ്ങീല: – പ്പോൾ
വന്നൂ ഭഗവതി പക്കത്തിൽ,

പുഞ്ചിരി തൂകിച്ചാരെയിരുന്നൂ,
പഞ്ചാമൃതമാം മൊഴി തൂകീ.

''കാലടിവെപ്പിൽ കാലടിവെപ്പിൽ
കാത്തരുളും ഞാനാശ്രിതനെ,

കാലം വന്നാൽ പൊക്കിയുണർത്തും
കടമിഴിമുനയാലാശ്രിതനെ.

നിന്നിൽക്കരുണ പൊഴിച്ചീലാ ഞാ–
നെന്നിനിമേലിൽപ്പറയൊല്ലാ.

ഒരു നാളെന്നെ വരിച്ചവനെപ്പി–
മ്പൊരു നാളും ഞാൻ വെടിയില്ല.''

കുളിരോലും മൃദുപാണിതലത്താൽ–
ക്കളഭം പൂശുന്നതുപോലെ

തെറ്റെന്നംബിക കുട്ടപ്പൻതൻ–
നെറ്റിവിയർപ്പു തുടച്ചപ്പോൾ

ചാടിയെണീറ്റു പുണർന്നാനത്തിരു–
ചരണം രണ്ടു ഭുജത്താലും:

അംബികതന്നരവാളലകിന്മേ–
ലമ്പുമവൻതൻമൂർദ്ധാവിൽ

കിളരും ചോര വളർന്നൂ പൂജ–
ക്കിണ്ടിയിൽനിന്നു ജലംപോലെ.

പുത്രകളത്രജ്ഞാതികൾ വന്നാ–
ച്ചിത്രം നോക്കി നടുങ്ങുമ്പോൾ

ബോധംകെട്ടു കിടക്കുകയത്രേ
സാധിതകാമൻ കുട്ടപ്പൻ:

കട്ടിൽക്കാലിൽ കൈകൾ മുറുക്കി–
ക്കട്ടച്ചോരയിലാറാടി

നിത്യതപോലെയുറങ്ങുകയത്രേ
നിർവൃതി പൂകിയ കുട്ടപ്പൻ!

## പണ്ടത്തെ മേശാന്തി

ഉപ്പുകല്ലിന്നായുരിയരിച്ചോറിനാ–
യിപ്പട്ടണത്തിൽത്തൊഴിലാളിയായ ഞാൻ

നേരറ്റ നായ്പ്പല്ലിടുക്കിലരയുന്ന
നെയ്യലുവത്തുണ്ടുപോലുരുകീടിലും

''തുപ്പന്നു ഭാഗ്യമുണ്ടെ'' ന്നെന്റെ നാട്ടുകാ–
രഭ്യുദയാശംസ കോരിച്ചൊരിയവേ

താനേ ചിലപ്പോൾ സ്മരിപ്പു ഞാൻ: ഹാ പണ്ടു
ഞാനൊരു മേശാന്തിയായിരുന്നില്ലയോ?

ഽഽഽ

നിന്നു തിരിവു പകിടക്കരുക്കളാ–
ക്കുന്നത്തു, കൺകളിൽ കൃഷ്ണമണികൾപോൽ,

‘‘രണ്ടു പഴംകൂടി വീഴണം, പേമാരി
രണ്ടാമതും വരുംമുമ്പെ’’ന്ന വാശിയിൽ.

ഉണ്ണിനമ്പൂരിയന്നില്ലത്തു പാഞ്ഞുചെ–
ന്നുണ്ണാനിരിക്കയാണുച്ചനേരത്തു ഞാൻ.

വാഴത്തടയുമായ് വെമ്പി വെമ്പാതെയും
വാതിൽക്കൽ വന്നുനിന്നമ്മ ചൊന്നാളുടൻ:

‘‘കർക്കടമാസം കഴിയും വരേയ്ക്കിനി–
ക്കഞ്ഞിയാണുണ്ണീ, നിനക്കിഷ്ടമാവുമോ?’’

ഇത്തിരിപോന്നൊരു വെൺകുളിർക്കല്ലേറ്റു
ഭിത്തി തകർന്നു പൊടിയുന്ന മാത്രയിൽ

കണ്ണാടിവീട്ടിലുറങ്ങിക്കിടക്കുന്നൊ–
രുണ്ണിപോൽ ഞാനൊന്നു ഞെട്ടിത്തെറിച്ചുപോയ്!

‘‘ഇഷ്ടമാണെ’’ന്നേ പറഞ്ഞു ഞാൻ, കഞ്ഞിയോ–
ടിഷ്ടവുമുണ്ടെനിക്കത്രമേ,ലെങ്കിലും

അമ്മതൻ ഗദ്ഗദം വിങ്ങി ചെവിക്കുള്ളി–
ലാഴിത്തിരകൾതന്നാരവംപോലവേ.

ഽഽഽ

വീഴാത്ത രണ്ടു പഴംകൂടി വീഴ്ത്തുവാൻ
വീഴാതെ നിന്നു തിരിയും പകിടകൾ

ഇന്നുമാക്കുന്നത്തു കാണ്മിതോ? നിശ്ചയ–
മില്ലമേ, ആരാഞ്ഞുമില്ലതു പിന്നെ ഞാൻ.

ഏന്മഹാസൗധത്തിനുള്ളിൽപ്പരുങ്ങിടു–
മമ്മയുമച്ഛനും പൊന്നനുജത്തിയും

പൊന്നനുജത്തിതന്നന്ധകാരങ്ങളിൽ
മിന്നുന്ന കണ്ണുനീർച്ചൂടിന്നലകളായ്

എന്നുള്ളിൽ വിങ്ങി ത്രസിക്കെ,പ്പുറത്തള–
ത്തിന്നകത്തെത്തഴപ്പായിലേകാകിയായ്

ചമ്പ്രംപടിഞ്ഞിരുന്നോർത്തേൻ: ഇതിൽപ്പരം
ശുംഭനായ്,പ്പാപിയായ്,പ്പാഷണ്ഡവൃത്തിയായ്

ആരുള്ളു? പക്ഷിമൃഗാദിപോലും ധർമ്മ–
ധീരരുൽക്കൃഷ്ടരെൻ ചാരത്തു നില്ക്കവേ!

അശ്രുവിൽപ്പായ കുതിർന്നുകണ്ടേ, നൊടു–
‘വന്തിയൂക്കാൻ’ ഞാനെഴുന്നേറ്റുപോകവേ.

ഽഽഽ

പിറ്റേന്നരയ്ക്കൊരു ചാലിയത്തോർത്തുമായ്
മുറ്റത്തിറങ്ങി ഞാൻ യാത്ര ചോദിക്കവേ,

പൂമുഖവാതിൽപ്പഴുതിലൂടെബ്ബാഷ്പ–
പൂർണ്ണമാം നാലുകണ്ണെൻനേർക്കു നീളവേ,

അച്ഛൻ കഴുക്കോൽ പിടിച്ചു തലകുനി–
ച്ചുച്ചരിച്ചീടിനാൻ ചിന്താവിവശനായ്,

''ദേവകാര്യങ്ങളഭംഗം നടത്തുവാ–
നാവില്ല, മധ്യമവൃത്തിയാണെങ്കിലും

പോവുന്നു നീ 'ശാന്തി' തേടിയിന്നെങ്കിൽ ഞാൻ
പോവരുതെന്നു വിലക്കുവതെങ്ങനെ?

ഭാഗ്യമുണ്ടായില്ല നിന്നെപ്പഠിപ്പിച്ചു
യോഗ്യനാക്കാനെന്റെ കേമദ്രുമഫലാൽ!''

'പോവുന്നു'' എന്നൊരു ശബ്ദം പുറപ്പെടാൻ
നാവു പേരാഞ്ഞു ഞാൻ നില്ക്കയാണച്ഛനോ,

താനേ കുനിഞ്ഞ ശിരസ്സിൽച്ചരമാർക്ക–
ശോണകരങ്ങൾതൻ ലാളനമേൽക്കവേ,

കണ്ണാടിപോലാം കഷണ്ടിയിലർക്കനും
വിണ്ണും മുഴുക്കെ പ്രതിഫലിച്ചീടവേ,

നിൽക്കുന്നൂ, നിശ്വസിച്ചീടുന്നു ദീർഘമായ്,
''നിശ്ശേഷശൂന്യമെന്നൈഹികജീവിതം!''

രണ്ടുമൂന്നാനകൾ വില്ലൂസണിക്കാള–
വണ്ടികൾ പുത്തൻകഥകളിക്കോപ്പുകൾ

തട്ടിൽനിന്നാടിക്കളിക്കും ഗുളോപ്പുകൾ
കട്ടിലിൽക്കെട്ടിയ പട്ടുമേലാപ്പുകൾ

മാൻതല വെച്ച ചുമരും പല ശര–
റാന്തലും ദന്താഭിഗുപ്തമുകുരവും

നിത്യവെള്ളപ്പാവുടുപ്പും ശുഭനവ–
രത്നാംഗുലീയവും സ്വർണ്ണരുദ്രാക്ഷവും

വാലിയക്കാരും വഴിപോക്കരും ചേർന്ന
കാലഘട്ടത്തിൻ പ്രതാപവും പ്രൗഢിയും

ഉണ്ണാനരിയില്ല കർക്കടമാസത്തി–
ലെന്നമട്ടയ്യോ, തകർന്നുപോയില്ലയോ?

''പൂർവ്വജന്മത്തിലെക്കർമ്മ''മെന്നച്ഛന്റെ
പൂണുനൂലിൽച്ചുടുകണ്ണീർ പതിക്കവേ,

കണ്ണു പറിച്ചു നടന്നേൻ; ഉദാസീന–
നെന്നുടെ പാപമിജ്ജന്മത്തെയല്ലയോ?

ഏത്ര പടി ഞാൻ കയറിയിറങ്ങിയി,–
ല്ലെത്രയൂരാളർതൻ കാലുഴിഞ്ഞില്ല ഞാൻ!

എന്നാലുമെന്നെത്തുണച്ചാനൊടുവൊരാ–
ളെന്നൊരാശ്വാസമുണ്ടാ,–ഉല്ലോ,രീശ്വരൻ:

''വ്യാജം പ്രവർത്തിച്ചു വെങ്കിട്ടനെമ്പറാൻ
പൂജയിൽ, അപ്പോൾപ്പിരിച്ചാനയാളെ ഞാൻ,

തുപ്പനാജ്ജോലി തരുന്നു; താനാരെന്ന–
തെപ്പൊഴും തന്റെ മനസ്സിലുണ്ടാവണം.''

ആന വലിച്ചാലനങ്ങാത്ത ഭണ്ഡാര,–
മാകാശഭേദിയാം സ്വർണ്ണക്കൊടിമരം.

പൊൻതാഴികക്കുടം വെച്ചോരാക്കോവിലിൽ–
ച്ചെന്താർമകൾമണവാളർതന്നംഘ്രിയിൽ

എൻകൈ തടഞ്ഞതു പുണ്യവിപാകമാ–
ണെങ്കിലും, അർച്ചനാപുഷ്പദളങ്ങളിൽ

ഊരാളനെന്നൊടു ചൊല്ലിയ വാക്കിൽനി–
ന്നൂറിയ കണ്ണീർ കലർന്നൂ പലപ്പൊഴും:

ഉപ്പിനും ചോറിനും വേണ്ടിയിട്ടന്യന്റെ
ചൊൽപ്പടിക്കെന്നെബ്ബലികൊടുക്കുന്നു ഞാൻ!

എത്രയോ സൗമ്യമായ്പ്പുഞ്ചിരി തൂകിയാ–
ണെന്നൊടൂരാളൻ മൊഴിഞ്ഞതെന്നാകിലും.

അച്ഛന്റെ വാത്സല്യമെന്നപോലാപ്പൊരു–
ളച്ഛസ്ഫടികസങ്കാശമാണെങ്കിലും,

പൂജയിൽ വേണ്ടാ പകിടകളിയിലും
വ്യാജം പയറ്റുമാറില്ല ഞാനെങ്കിലും

ആമാശയത്തിലകപ്പെട്ട സൂചിപോ–
ലന്തരംഗത്തിൽപ്പുലർന്നിതക്കണ്ണുനീർ.

ഉപ്പിനും ചോറിനും വേണ്ടി ഞാനന്യന്റെ
ചൊൽപ്പടിക്കിട്ട ബലിമൃഗമല്ലി ഞാൻ!

ഗർഭഗൃഹത്തിലുള്ളാശ്രിതവാത്സല്യ–
നിർഭരബിംബമേ, നീതാനൊരാശ്രയം!

ഊഊഊ

അന്നാണൊരുത്സവക്കാലത്തു ലോകർ വ–
ന്നമ്പലമുറ്റത്തു തിക്കിത്തിരക്കവേ,

നൃത്തമാടും ദീപനാളങ്ങൾ മാനവ–
ചിത്തമാലിന്യം കഴുകിക്കളയവേ,

ദീപങ്ങളോടൊത്തു ചന്ദനലേപവും
ധൂപവും നൈവേദ്യപുഷ്പഭേദങ്ങളും

ഒന്നിച്ചുയർത്തുമനന്യസാധാരണ–
പുണ്യസൗരഭ്യം വിടർന്നുപരക്കവേ

കൊട്ടിമുറുകുന്നു പഞ്ചാരി; നീൾമുടി–
ക്കെട്ടിനാൽത്താളംപിടിപ്പൂ മഹാജനം;

ഇത്തിരിക്കണ്ണിമവെട്ടാതെ വീശുന്നു
മത്തേഭവൃന്ദം പെരുംമുറക്കാതുകൾ.

കഷ്ടിച്ചഹസ്സുപകർന്നവാറേ കുളി–
ച്ചുഷ്ണിച്ചതുമിതും ജോലികൾ ചെയ്കയാൽ

ആകെശ്ശവികെട്ടിരുന്നു ഞാനെങ്കിലെ–
ന്താ,ളുകൾക്കുത്സവമുത്സവമല്ലയോ?

‘കൂട’ നെന്നെങ്ങും പുകഴ്ന്ന ഗജകുല–
കൂടസ്ഥനെജ്ജനം കണ്ടു രസിക്കവേ

നിർദ്ദോഷിയാമപ്പെരുത്ത മൃഗത്തിന്റെ
മസ്തകത്തിങ്കൽപ്പിടിച്ച തിടമ്പുമായ്

മുന്നിലഹങ്കരിച്ചാളുന്ന ദീവെട്ടി–
തന്നൊളിച്ചൂടിൽനിന്നേതാണ്ടു മുക്തനായ്

കുത്തിയിരിക്കുകയല്ലോ ‘ചൊറോണ്ണൂരു–
വസ്ത്ര’വും തറ്റുടുത്തേകാകിപോലെ ഞാൻ.

പട്ടുകുടയൊന്നുയർത്തിപ്പിടിച്ചെന്നെ
മുട്ടിയുരുമ്മിപ്പുറകിലിരിപ്പവൻ,

ആയാൾക്കു പിന്നിൽ വിയർത്തുവിയർത്തു വെൺ–
ചാമരം വീശും ദയനീയവിഗ്രഹൻ,

ആലവട്ടങ്ങളെ നീട്ടിപ്പിടിച്ചു നി–
ന്നായാൾക്കു പിന്നിലുറങ്ങും മനുഷ്യനും

സർവരും വിസ്മൃതരാകുമാറാളുന്നു
നിർവിണ്ണനെന്നിൽപ്പശിയുമുറക്കവും.

ആനക്കഴുത്തിലെത്തൂശിരോമങ്ങളെ–
ന്നാടുന്ന കാൽവണ്ണയിങ്കലിടയ്ക്കിടെ

കുത്തിത്തറയ്ക്കയാലല്ലീ തിടമ്പൊത്തു
ഞെട്ടിത്തെറിച്ചു നിലംപതിക്കാത്തു ഞാൻ!

കൊട്ടും പ്രദക്ഷിണംവെപ്പും കഴിയവേ
പെട്ടെന്നുണർന്നൊരു കോട്ടുവാ വിട്ട ഞാൻ

അത്രയും പാപമൊടുങ്ങി നമുക്കെന്നു
ഹൃത്തിൽക്കൊടിവിളക്കിൻ തിരി നീട്ടവേ

കൂടൻ കവച്ചുകാട്ടീടുന്ന കാൽമുട്ടി–
ലൂടെച്ചവുട്ടിയിറങ്ങിത്തിടമ്പുമായ്

ശ്രീകോവിലിൻനേർക്കു നീങ്ങവേ മന്ത്രിപ്പു
ശീവേലി കാണുവാൻ വന്ന രണ്ടുണ്ണികൾ,

‘‘മേശാന്തിയല്ലയോ പോകുന്നൂ? മൂപ്പർതാൻ
മേലാളിവിടെസ്സകലകാര്യത്തിനും.

ആയാളൊടൊന്നു പറഞ്ഞുനോക്കാം നമു–
ക്കാനപ്പുറത്തു കയറണമെന്നുടൻ.’’

ഉള്ള കാര്യം ഞാൻ തുറന്നുപറകയാ–
ണു,ള്ളിലുറക്കെച്ചിരിച്ചുപോയെങ്കിലും

കേട്ടിതസ്സല്ലാപമെന്നു പുറത്തേയ്ക്കു
കാട്ടീല, മേശാന്തി പാലിച്ചു ഗൗരവം!

ഉണ്ണികളുണ്ടോ വിടുന്നു? നടയട–
ച്ചുണ്ണാനലച്ചപിടിച്ചു ഞാൻ പോരവേ

ഒന്നല്ല രണ്ടല്ലൊരുപരപ്പുണ്ണിക–
ളെന്നെത്തടുത്തുനിറുത്തുകയല്ലയോ? –

‘‘എന്നെയുമാനപ്പുറത്തു കയറ്റണം,
എന്നെയുമെന്നെയുമെന്നെയുമെന്നെയും!’’

കാണും മഹാന്മാർ ചിരിപ്പൂ; കുനിക്കുന്നു
ഞാനപമാനച്ചുമടുപോലെന്മുഖം:

‘‘എന്റെയല്ലെന്റെയല്ലിക്കൊമ്പനാനകൾ
എന്റെയല്ലീ മഹാക്ഷേത്രവും, മക്കളേ!

നിങ്ങൾതൻ കുണ്ഠിതം കാണ്മതിൽ ഖേദമു–
ണ്ടെങ്കിലും നിന്ദിപ്പതില്ലെൻ വിധിയെ ഞാൻ.

ഗർഭഗൃഹത്തിലുണ്ടാശ്രിതവാത്സല്യ–
നിർഭരനായൊരാളെന്റെയായെന്റെയായ്!’’

ഊൗൗ

വർഷങ്ങളെത്ര കടന്നുപോയ്, നാടെത്ര
വമ്പൻവളർച്ച വളർന്നുപോയ് പിന്നെയും!

കാഞ്ചനത്താൽത്തുലാഭാരം നടത്താത്ത
കന്യയെക്കൈക്കൊള്ളുമീശൻതിരുവടി

എന്നനുജത്തിയെപ്പൂകീല,തിന്മുമ്പു
കണ്ണടച്ചൂ കരഞ്ഞച്ഛനുമമ്മയും.

വാർദ്ധക്യഖിന്നനെന്നച്ഛൻ വിദൂരത്തി–
ലൂർദ്ധ്വൻ വലിപ്പതു കോവിലിൽ കേൾക്കവേ

‘എന്തുണ്ടിനിശ്ശാന്തിവൃത്തി’യെന്നൗചിത്യ–
ചിന്തവിട്ടങ്ങോട്ടു ചോദിച്ച വേളയിൽ

മാനിയാമൂരാളനപ്രിയമാകയാൽ
മറ്റൊരു വേഷം ധരിക്കേണ്ടി വന്നു മേ.

വ്യാജമെന്നുള്ളതു കാട്ടീലൊരിക്കലും
പൂജയിലെന്നതു സത്യമാണെങ്കിലും

പോരാനിടവന്നു വെങ്കിട്ടനെമ്പറാൻ
പോന്ന വഴിക്കേ വെറും കൂപ്പുകയ്യുമായ്!

പണ്ടത്തെ മേശാന്തി നിന്നുതിരിയുന്നു
ചണ്ടിത്തമേറുമീ ഫാക്ടറിക്കുള്ളിൽ ഞാൻ.

ഫാക്ടറിക്കുള്ളിലെസ്സൈറൻ മുഴങ്ങവേ,
ഗേറ്റു കടന്നു പുറത്തു വന്നീടവേ,

പട്ടിയെപ്പോലെക്കിതച്ചുകിതച്ചു ഞാൻ
പാർക്കുന്നിടത്തേയ്ക്കിഴഞ്ഞു നീങ്ങീടവേ,

ചുറ്റും ത്രസിക്കും നഗരം പിടിച്ചെന്നെ
മറ്റൊരാളാക്കി ഞാൻ സമ്മതിക്കായ്കിലും:

ഊശിക്കുടുമ മുറിച്ചൂ, വളർത്തി മേൽ–
മീശയും പൂണുനൂലൂരിക്കളഞ്ഞു ഞാൻ;

‘ഓത്തുവായ്’കൊണ്ടു വിഴുങ്ങേണ്ടിവന്നു മേ
ഓക്കാനമേകുന്ന മീനുമിറച്ചിയും.

പണ്ടു ഞാൻ വെച്ചു നിവേദിച്ചൊരാപ്പണ–
പ്പായസത്തിൻ രുചി പാടേ മറന്നുപോയ്:

പാടേ മറന്നുപോയ്പ്പൂജയ്ക്കു ചൊല്ലുന്ന
പാവനമന്ത്രവും തന്ത്രഭേദങ്ങളും.

മദ്യച്ചവർപ്പിൽനിന്നൂഹിച്ചു ഞാനാത്മ–
ഹത്യചെയ്താലുള്ളനുഭൂതിയത്രയും.

ഇല്ല ഗതിയെന്നു തീർച്ചയായാൽപ്പുലി
പുല്ലും പതുക്കനെത്തിന്നുമെന്നില്ലയോ?

ൟൟൟ

ഉപ്പിനും ചോറിനും വേണ്ടി ഞാൻ പോന്നുവ–
ന്നിപ്പട്ടണത്തിൽക്കുടുങ്ങിക്കിടക്കിലും

‘‘തുപ്പന്നു ഭാഗ്യമുണ്ടേ’’ ന്നെന്റെ നാട്ടുകാ–
രഭ്യുദയാശംസ കോരിച്ചൊരിയവേ

താനേ ചിലപ്പൊഴിന്നോർത്തിടുന്നൂ, പണ്ടു
ഞാനാക്കിടാങ്ങളോടോതിയതത്രയും.

‘‘എന്റെയല്ലെന്റെയല്ലിക്കൊമ്പനാനകൾ
എന്റെയല്ലീ മഹാക്ഷേത്രവും, മക്കളേ!

നിങ്ങൾ തൻ കുണ്ഠിതം കാണ്മതിൽ ഖേദമു–
ണ്ടെങ്കിലും നിന്ദിപ്പതില്ലെൻ വിധിയെ ഞാൻ.

ഗർഭഗൃഹത്തിലുണ്ടാശ്രിതവാത്സല്യ–
നിർഭരനായൊരാളെന്റെയായെന്റെയായ്!’’

പൊള്ളോ പൊരുളോ പറഞ്ഞു ഞാനന്നെന്ന
ഭള്ളെനിക്കിപ്പൊഴുമില്ലൊരു ലേശവും;

കാണായതപ്പടി കണ്ണുനീരെങ്കിലും
ഞാനുയിർക്കൊള്ളുന്നു വിശ്വാസശക്തിയാൽ!

# കന്യാകുമാരിയിലെ കക്കകൾ

ഇളകും [1]‘കോച്ചി’ന്നുള്ളിലിരിക്കെബ്ഭാവിച്ചേനുൽ–

പ്പുളകം പ്രശസ്തമാസ്സൗന്ദര്യസങ്കേതത്തെ
ആദ്യത്തെക്കരത്താലുമന്ത്യമാം കരത്താലു–
മാദിത്യനൊരേ മട്ടിലാരിലോ കനിയുന്നു,
വരനെ പ്രതീക്ഷിച്ചുമിരിപ്പപ്പൂമാലയു–
ദ്വഹിച്ചും നിന്നീടുമാ [2] ‘ക്കന്യ’തന്നാവാസത്തെ!
മുന്നമെൻ പിതാമഹനവിടെപ്പോയിക്കൊണ്ടു–
വന്നതാണി,ന്നും കാണാമില്ലത്തെച്ചുമരിന്മേൽ
ചെറുതും വലുതുമാം ശംഖമാലകൾ, തീർത്ഥ–
പരിസേവയാലീട്ടം കൂടിയ സുകൃതങ്ങൾ.
അവയും കഴുത്തിലിട്ടാടുമ്പോൾത്തിമർക്കുമ്പോ–
ളവിരാമമായ്ച്ചോദിച്ചീടുമാറുണ്ടെൻ ബാല്യം:
ഭാരതം, ചിരരക്ഷാകർത്താവാം തനതിന്ത്യാ–
വാരിധിക്കർപ്പിക്കുമാക്കൂപ്പുകൈമൊട്ടിൻ തുമ്പിൽ
ഭൂരിശാന്തിദമായിക്കാൺകയാൽത്തപോലീന–
ഭൂതനാ[3]‘യാനന്ദൻ’ പണ്ടിരുന്നീടിന ദിക്കിൽ,

[4] ഉള്ളൂരിന്നഗാധാപാരാശയത്തിങ്കൽത്തടം –
തല്ലിയ നിരോധാതീതോല്ലേഖകല്ലോലങ്ങൾ
ആലോലമിളകുന്ന താമരത്താരിൻ ചുണ്ടി–
ലാലിപ്പഴത്തെപ്പോലെ വീണതെ,ങ്ങദ്ദേശത്തിൽ,
എന്നെനിക്കെത്തിച്ചേരാൻ സംഗതി വരും? ശരി–
ക്കെന്നു ഞാൻ തീർത്ഥസ്നാനപുണ്യവാനായിത്തീരും?

**2**

ഇളകും 'കോച്ചി'ന്നുള്ളിലിരിക്കെക്കണ്ടൂ ഞാനുൽ–
പുളകമുപബോധചിത്രിതസ്വർല്ലോകത്തെ:
ശബളാഭമാം മഴവില്ലുകളുടുത്തുല–
ച്ചവിടെദ്ദിവാനിശമാടുന്നൂ ദേവസ്ത്രീകൾ,
കടലിൽക്കുളിക്കുവാനവിടം പ്രാപിക്കുന്നൂ
മടവാർമണിമാരൊത്തുദയാസ്തമയങ്ങൾ!
വാരൊളിമുക്താഫലമെന്നുമാ പ്രവിശാല–
വാനിലും വിളയുന്നൂ, താരമാക്കടലിലും!
അവിടെ സ്നേഹത്തിന്റെ ഗീതവും പാടി,ദ്ദിവ്യ–
കവിയാം പവമാനനെത്തുന്നൂ നിശീഥത്തിൽ;
ഏഴിലമ്പാലപ്പൂവിൻ മണത്തിൽത്തലതിരി–
ഞ്ഞേറ്റുപാടുന്നൂ മുഗ്ദ്ധഗന്ധർവ്വമിഥുനങ്ങൾ!
നീലച്ച നിലാപ്പട്ടുപുതച്ചു മയങ്ങുന്ന
പാലൊളിപ്പുളിനങ്ങളാകവേ തരിക്കുന്നൂ!

**3**

ഇളകും 'കോച്ചി'ന്നുള്ളിലിരിക്കെ സ്വപ്നംകണ്ട
പുരുപുണ്യാവാസത്തിലെത്തിയ നേരത്താട്ടേ,
വീർപ്പിടാനയച്ചില്ല, ചുറ്റിലുമെത്തിക്കൂവീ
[5]'കേപ്പുഹോട്ട'ലിൻ മുന്നിലിഴയും ജനക്കൂട്ടം
എങ്കിട്ടെയിരുക്കയ്യാ, പെരിയ മാലൈ!' – 'വാരു,–
മെങ്കിട്ടെത്താനേ ചിന്ന മാലൈകളിരുക്കയ്യാ!'
അമ്മമാ,രമ്മൂമ്മമാർ, ബാലമാർ, ബാലന്മാരു–
മമനുഷ്യാബ്ധിക്കുള്ളിൽപ്പൊങ്ങുന്നൂ, താണീടുന്നൂ,
പല ഭംഗികളോലും ശംഖമാലകളുണ്ടാ
വിരലിലോരോന്നിലും തൂങ്ങിനിന്നുലയുന്നൂ.
അതിലും മികവുറ്റ ശോഭനവർണ്ണങ്ങളാ
ഹൃദയങ്ങളിൽത്തൂങ്ങിക്കളിക്കുന്നുണ്ടാം, പക്ഷേ,
ആ മുഖങ്ങളിലില്ലാ ചോരയോ നീരോ; കണ്ണി–
ന്നാഴത്തിൽതളംകെട്ടിക്കിടപ്പാണിരുളുകൾ.
തങ്ങളിലുന്തിത്തള്ളി മുന്നേറിക്കാടൻചിരി
തഞ്ചുന്ന മുഖത്തോടീപ്പാഴെലിമ്പാകാരങ്ങൾ
മൂന്നു വാരിധികളുമൊന്നിച്ചു മുഴക്കുന്ന
മൂകതാസദൃശമാമേകതാനാക്രോശത്തെ
പരുഷസ്വരങ്ങളാൽക്കീറിക്കൊണ്ടർത്ഥിക്കുന്നൂ
കരയും കരളോടെ നിന്നു കേൾക്കുന്നൂ ഞങ്ങൾ,
'എങ്കിട്ടെയിരുക്കയ്യാ, പെരിയമാലൈ!'..'വാരു
മെങ്കിട്ടെത്താനേ ചിന്ന മാലൈകളിരുക്കയ്യാ!'
ദുർമ്മണം പരത്തുന്നൂ കോലങ്ങൾ! അയ്യോ, ശരി–
ക്കമ്മ പെറ്റുണ്ടാവുന്ന മർത്ത്യരാണിവരെന്നോ!
ഹൃത്തുടിപ്പിനെ സ്ഫുടം ചെയ്തുകൊണ്ടെന്നില്ലത്തു
ഭിത്തിമേലിന്നും തൂങ്ങും ശംഖമാലകളൊക്കെ

കൊരുത്തെൻമുത്തച്ഛനു വിറ്റതീച്ചളിക്കെട്ടിൽ–
ക്കുരുത്ത പാപത്തിൻ കോൽവിരൽത്തുമ്പുകളല്ലി!
സത്രത്തിന്നുപാന്തത്തിൽ പാദചാരിയായന്നാ–
ളെത്തിയ മുത്തച്ഛനും  കേട്ടതീ മുറയാവും:
'എങ്കിട്ടെയിരുക്കയ്യാ, പെരിയ മാലൈ!...'വാരു,–
മെങ്കിട്ടെത്താനേ ചിന്ന മാലൈകളിരുക്കയ്യാ!'

**4**

വിലയും കൊടുത്തോരോ മാലയും വാങ്ങി,ത്തെക്കേ
വിരിവെണ്മണലിലേയ്ക്കിറങ്ങീ മന്ദം ഞങ്ങൾ,
വെള്ളാരങ്കണ്ണുള്ളോരായില്ലാത്തോരായി,ത്തൊലി
വെള്ളയും കറുപ്പുമായ്, പ്പെണ്ണായിട്ടാണായിട്ടും,
ചെമ്പിപ്പോ കറുപ്പോ തൂവെണ്മയോ മുടിക്കുള്ള
കുമ്പക്കാരായി,ക്കഷണ്ടികളായ്,ക്കോലന്മാരായ്,
ചപ്പിയോ ചപ്പാതെയോ മൂക്കുള്ളോരായും, കറു–
ത്തൊട്ടിയോ ചോരച്ചിട്ടോ ചുണ്ടുകളുള്ളോരായും,
ഭിന്നഭാഷക്കാരായി, ഭിന്നവേഷക്കാരായി,
ഭിന്നദേശാചാരാനുഷ്ഠാനശീലക്കാരായും,
ഇമ്മഹാഗോളത്തിന്റെ പലഭാഗത്തും നിന്നു
വന്നവർ, എന്നാലിന്നീ 'ക്കേപ്പുഹോട്ട'ലിന്നുള്ളിൽ
രാജകീയമാം സുഖമൊരുമിച്ചുണ്ടുംകൊണ്ടേ
രാജിപ്പോർ, എങ്ങും ചുറ്റിത്തിരവൂ ചുറുക്കോടെ.
അന്നത്തെത്തീർത്ഥാടകരാരുമില്ലിതി,ലെല്ലാ–
മിന്നത്തെഗ്ഗവേഷണശീലരാണെങ്കിൽക്കൂടി
ശംഖമാലയ്ക്കും മാലക്കാരുടെ ദീനാക്രന്ദ–
രിംഖണത്തിനുമില്ലാ പരിവർത്തനമെന്നോ!

**5**

പിന്നെയും നീങ്ങീ ഞങ്ങൾ: കിഴക്കും തെക്കും മേക്കു–
മൊന്നാകെ മുന്നിൽച്ചീറിച്ചിരിപ്പൂ രത്നാകരം.
ഉഗ്രദംഷ്ട്രകളേന്തിക്കുതറുമനാദ്യന്തോ–
ദഗ്രകർമ്മാവിജ്ജന്തു തുപ്പുന്നൂ നീളേനീളേ
ആയിരം നാവാലനേകായിരം കക്കത്തുണ്ടി–
ത്തീരത്തിൽ; നാളെജ്ജീവൻ വെച്ചിടാമിവയ്ക്കൊക്കെ!
ചിലമ്പും കുഴിതാളംപോലെയാം കര,ളഴ–
ഞ്ഞുലയും വീണക്കമ്പിപോലെയാം സിരകളും
ചുളിവീണൊലിപോയ ഗഞ്ചിറകണക്കുള്ള
വയറുംകൂടിപ്പെയ്യും നേർത്തുപോം മേളത്തോടെ
നാളത്തെസ്സന്ദർശകന്മാരുടെ മുന്നിൽശ്ശംഖ–
മാലകളുയർത്തിയീക്കക്കകളാവർത്തിക്കും
ഏതോ മൽപിതാമഹനിന്നലെക്കേട്ടു, ഞാനി–
ന്നേതു കേൾക്കുന്നൂ, പരുഷോച്ചമാദ്ദീനാലാപം:
'എങ്കിട്ടെയിരുക്കയ്യാ പെരിയ മാലൈ!'...'വാരു
മെങ്കിട്ടത്താനേ ചിന്ന മാലൈകളിരുക്കയ്യാ!'

**6**

നരിമീൻപറ്റംപോലിസ്സത്യമെൻ സ്വപ്നത്തിന്റെ
കരളിൽക്കൊത്തിക്കൊത്തിച്ചുണ്ടുകൾ ചുവപ്പിക്കേ,
വിറച്ചൂ മമാത്മാവിൽക്കന്യതൻ രൂപം, മങ്ങി–
ക്കറുത്തൂ ചരാചരവസ്തുക്കളെല്ലാമൊപ്പം.

കക്കയേ ജീവാത്മാവെന്നെണ്ണുമിദ്ദേശം ചുടു–
കണ്ണുനീർക്കടലിലേയ്ക്കാണ്ടുപോം മുനമ്പത്രേ!
ഇവിടെപ്പുഷ്പിക്കുന്നില്ലാകമ്രപ്രഭാതങ്ങ,–
ളിവിടെപ്പുലരുന്നിലുജ്ജ്വലദിവസങ്ങൾ.
ഇവിടെക്കുടക്കീഴിലുള്ളതേ നഭസ്സെന്ന–
തി.വിടെജ്ജലധികൾ കേവലം നീരാഴികൾ,
ഇവിടെക്കരാളാമാവാസിയേ കൂത്താടുന്ന,–
തിവിടെച്ചെകുത്താന്റെ വാഴ്ചയേ ജയിക്കുന്നൂ,
പാതകഫൂൽക്കാരത്താൽ, പ്പകതന്നലർച്ചയാൽ–
പ്പാപമായ്,പ്പാതാളമായ് ത്തീർന്നതാണിന്നീ രാജ്യം!

**7**

'അസ്വസ്ഥഹൃത്തോ നീയീശ്ശാന്തിതൻ തൃക്കോവിലിൽ?'
മത്സഖാവന്വേഷിയ്ക്കെപ്പുഞ്ചിരിക്കൊണ്ടേൻ മന്ദം,
'ഹന്ത, ഞാൻ മനശ്ശാന്തിതേടിയേ വന്നേനിങ്ങു:
പന്തളത്തെന്നാൽ പന്തംകൊളുത്തിപ്പടയത്രേ!'

# ഇടിഞ്ഞുപൊളിഞ്ഞ ലോകം

ഇന്നു പുലർച്ചയ്ക്കെഴുനേറ്റപ്പോ–
ളെന്നുടെ ഹൃദയം നിശ്ശബ്ദം.

തോർത്തുമുടുത്തു കുളിക്കാനായി–
ത്തൊടിയിൽക്കൂടി നടന്നപ്പോൾ

അവിചാരിതമൊരു സുമനസ്സുണ്ടെ–
ന്നരികെപ്പൊന്തയിലഭിരാമം!

ആടിക്കാറുകളൊഴിയാറായെ–
ന്നാമന്ത്രിപ്പൂ മൃദുവക്ത്രം!

പുളകദമാണീയൊന്നാമത്തെ–
പ്പുതുവർഷാഗമസന്ദേശം!

''അരുണമൊരോണപ്പൂവാണ,യ്യാ,
വരവാ,യോണം വരവായി,''

ഉണ്ണിയുണർന്നു മൊഴിഞ്ഞാനെന്നോ–
ടെ,ന്നിലുറങ്ങും പൊന്നുണ്ണി,

പുള്ളീർക്കരമുണ്ടിടയിൽക്കെട്ടി–
ത്തുള്ളിക്കൊണ്ടൊരു പൊന്നുണ്ണി,

നെറ്റിയിൽ നെഞ്ചിൽക്കൈയിന്മേലും
മുറ്റും ഭസ്മക്കുറിയിട്ടും

നെറുകയിലൂശിക്കുടുമക്കെട്ടിൽ–
ക്കറുകക്കൂമ്പു ധരിച്ചിട്ടും

വട്ടച്ചരടിലൊഴുക്കൻമോതിര–
മിട്ടു കഴുത്തിലണിഞ്ഞിട്ടും

കൂമ്പാളച്ചെറുകോണക്കീറിൽ–

ക്കൂടി ‘പ്പഞ്ച പുറത്തിട്ടും’

പൊന്നേലസ്സും വെള്ളിത്തളയും
തന്നിലിണങ്ങിയ പൊന്നുണ്ണി.

ആ മലർ നുള്ളിയെടുക്കാനുണ്ണി–
ക്കോമൽക്കൈകൾ തരിക്കുന്നു,

തണ്ടു പറിക്കാൻ, തണ്ടിലെ നീർ കൈ–
കൊണ്ടു ഞെരിച്ചു പുറംതള്ളി

കാറ്റാ നളികയിലൂതി നിറയ്ക്കാൻ,
നെറ്റിയിൽ ഞേടിയുടയ്ക്കാനും.

ഝഝഝ

കുറ്റിത്താടി തലോടിപ്പെരുവഴി–
വക്കത്തങ്ങനെ നിലകൊൾകെ,

‘അരുതരുതെ’ന്നു വിലക്കീ ഞാനാ–
ക്കുസൃതി തുടിക്കും ശ്രീമാനെ,

‘പാവോ’ പാടിയുറക്കീ ഞാനാ–
പ്പാവത്താനെ, നിരങ്കുശനെ.

ഞാനൊരു പച്ചശ്ശിശുവല്ലല്ലോ
പൂനുള്ളിക്കൊണ്ടലയാനും

വഡ്ഢിയ്ക്കോണക്കോടി മുറുക്കി–
ത്തൊട്ടി കഴുത്തിലുടക്കാനും

‘കറ്റക്കയറും’ പാടിത്തുയിര–
റ്റുറ്റവരൊത്തു തിമർക്കാനും!

‘‘താടി മുളച്ചുപെരുത്തിട്ടും ചില
തലമുടിനാരു നരച്ചിട്ടും

തൊട്ടി ചുമന്നു നടക്കാനീയാൾ–
ക്കൊട്ടൊരു നാണവുമില്ലല്ലോ’’

ആളുകളെന്നാത്മാവിൻ നേരിയ
തോലു പൊളിക്കാനിടയാവും,

‘‘ബുദ്ധി മറിഞ്ഞാലിങ്ങനെയത്രേ
ബുദ്ധനു,മയ്യോ, ദയനീയം!’’

ഝഝഝ

മെല്ലെ നടന്നു കുളത്തിൽച്ചെന്നെൻ–
പല്ലുകൾ തേച്ചു വെളുപ്പിക്കേ

കരളിൽച്ചോദ്യം വെളുവെളെ മിന്നി,
‘‘പെരിയവനായീ ഞാനെങ്കിൽ,

ഏടലർ തേടിപ്പാടീടേണ്ടതു
താടി കുരുത്തോരല്ലെങ്കിൽ,

ഇന്നും മലരിന്നവകാശികളാ–
മുണ്ണികളില്ലേ ലോകത്തിൽ?’’

കണ്ണന്നരികെ ക്രീഡിക്കുന്നൂ

തണ്ണീർപ്പൊയ്കയിലന്നേരം

മാണിക്യപ്പൊടിമത്സ്യക്കുട്ടികൾ;
ഞാനതു കാൺകേ ചിന്തിച്ചൂ,

''നൊന്തു ചിരിച്ചു പെറുന്നൂ കാഞ്ചന–
ബന്ധുരശീലകൾ മാതാക്കൾ,

പ്രതിനവനിമിഷമയസ്സമധൈര്യ–
പ്രതിബിംബങ്ങൾ, മാനുഷികൾ

ആയിരമൂരിൽപ്പുരികളി,–ലവരുടെ–
യർഭകർ പുഷ്പം നുള്ളട്ടെ!''

ൗൗൗ

''എന്തു പറഞ്ഞൂ?'' പെട്ടെന്നെന്നുടെ–
യന്തഃകരണം ചോദിച്ചൂ;

പോയാണ്ടത്തെസ്സിംഹം ഘോര–
ച്ഛായ വരച്ചൂ നിനവിന്മേൽ.

പൊന്നാനിയിലും കോഴിക്കോട്ടും
ചെന്നൂ ഞാനാ വാരത്തിൽ,

ചെന്നൂ കൊച്ചിയിലന്നു പെരിന്തല–
മണ്ണയിലും ഞാൻ തൃശ്ശൂരും.

ഒരിടത്തും ഞാനൊരു ചെറുവില്ലി–
ന്നൊലി കേട്ടില്ല, ലയിച്ചില്ല;

'പൂവേ പൊലി'യെന്നൊരു മൃദുബാല–
പ്പൂവും കൊഞ്ചിയതോർപ്പീല!

ൗൗൗ

പ്രകൃതിക്കില്ല നിതാന്തോന്മേഷ–
ത്തകൃതിക്കെ,ന്നാലൊരു ലോഭം;

തുന്ദിലഹരിതവിരിപ്പിൽ സ്മേരം
തുമ്പ വിടർന്നൂ മുറപോലെ:

ഓണച്ചെടികളിലൽപ്പാരുണമാം
നാണമുറന്നൂ മുറപോലെ;

കാക്കത്തെകളിലഞ്ജനമെഴുതിയ
നോക്കു വിരിഞ്ഞൂ മുറപോലെ.

നെല്ലിച്ചെടിയോ പവിഴം ചാർത്തി,
നെല്ലു ധരിച്ചൂ പൂത്താലി,

കമ്മലണിഞ്ഞൂ മുക്കുറ്റിച്ചെടി,
വെള്ളില ചുറ്റീ പാവാട,

അലരിമരത്തിനു മുറപോലൊരുപാ–
ടഴകു വളർത്തീ കാശാലി.

ൗൗൗ

അത്രസമൃദ്ധിയി,ലത്ര നിരന്തവി–
ചിത്രപ്രേമഭരത്തോടെ,

ഇളയാമമ്മ ചുരത്തിടുമഴകെ–
ന്നീഷത്തൃഷ്ണ പെരുപ്പിക്കെ

കരളാൽക്കണ്ടേൻ: ഒരു കുഞ്ഞിക്കൈ–
വിരലിൻ ചോര നഖത്തുമ്പാൽ

മുറിവേൽക്കാഞ്ഞു നിരാശതകൊൾവൂ
മുഴുവനുമിപ്പുതു സസ്യങ്ങൾ.

ൗൗൗ

''തൊട്ടികളെവിടെ, കുട്ടികളെവിടെ?''
പെട്ടന്നെൻ കരൾ ചോദിച്ചു,

കണ്ടൂ: ദയയുടെ തുള്ളിക്കായി–
ത്തെണ്ടി നടന്നാരവരൊക്കെ,

എങ്ങു മനുഷ്യച്ചൂരുണ്ടവിടെ–
ത്തെണ്ടി നടന്നാരവരൊക്കെ

മലിനമിരുണ്ടു വരണ്ടേ നിൽക്കും
വദനത്തിങ്കലൊരിളിയോടെ,

ഇളിയെക്കാളും ഭീകരദീനമൊ–
രിതിഹാസത്തിൻ ധ്വനിയോടെ

അവരുടെ, പവിഴപ്പൊളിപോലൊളിചേർ–
ന്നലർ നുള്ളേണ്ടും നഖരങ്ങൾ

ബസ്സിലിരിക്കുന്നവരുടെ വെള്ള–
ഷ്ഷർട്ടിൽച്ചളിവര പായിച്ചൂ:

പരുഷമുയർന്നൂ നിർമ്മലബാല–
സ്വര,''മൊരു മുക്കാലേമാനേ!''

കനിവെഴുമേതോ വൃദ്ധന്റേതാം
കാലുറ ചൂടിക്ഷണത്താൽ

അരയിൽച്ചേർത്തൊരു പയ്യൻ ''കാണുവി–
നതിശയ''മെന്നു നിലക്കൊണ്ടൂ,

ചുട്ടുപഴുത്ത കരിങ്കൽച്ചില്ലിൽ–
ക്കുത്തിയ മൊട്ടത്തലയോടെ.

തീവണ്ടിക്കകമോറഞ്ചീമ്പി–
ത്തിന്നു കിടപ്പവരറിയാതെ

അവരുടെയരുമക്കുമ്പയെ മൂടി
പ്പരിരക്ഷിക്കും കോട്ടിന്മേൽ–

പ്രേക്ഷകനാസ തുളയ്ക്കും വാസന
രൂക്ഷമുതിർക്കും സില്ക്കിന്മേൽ–

നാറും നഖനിര ചെന്നു തറച്ചൂ,
''സാറേ, പള്ള പയിക്കുന്നു.''

തല്ലീ വായു നിറുത്തിയ കാലി–
പ്പള്ളയിൽ നിർഘൃണനൊരു ചെക്കൻ,

തൊണ്ട കരഞ്ഞൂ, ''ഡകടാം ഡകടാം''

വണ്ടിച്ചക്രധ്വനിപോലെ.

ൟൟൟ

അവരെപ്പെറ്റവർ, പോറ്റീടേണ്ടവ–
രാരാരെന്നാർക്കറിയാവൂ?

കല്ലിൽ സ്ഫടികമുടഞ്ഞൂ; കുപ്പി–
ച്ചില്ലിൻ കഥയാർ പറയാവൂ?

കാണം വിറ്റും പണ്ടൊരു കാല–
ത്തോണത്തപ്പനെ മാനിച്ചോർ,

മാനിക,ളവശർക്കലിവോടന്നം
ദാനം ചെയ്ത കുലീനന്മാർ,

കന്നു തെളിച്ചും തൂമ്പകിളച്ചും
കയറുപിരിച്ചും തുണിനെയ്തും

മണ്ണും സ്വർണ്ണവുമോടുമിരിമ്പും
മരവും തോലും പണിചെയ്തും

മുറ്റമടിച്ചും കൊയ്തുചുമന്നൊരു
കറ്റ മെതിച്ചരി കുത്തീട്ടും

വട്ടി പനമ്പും തൊപ്പിക്കുടയും
കൊട്ട മുറം പായിവ നെയ്തും

തെങ്ങും പനയും ചെത്തി, ത്തോപ്പുകൾ
തേവിനനച്ചു, മരം കേറി,

വിറകും വെട്ടിത്തോണി തുഴഞ്ഞി–
ട്ടാപ്പും കടിയും വിറ്റിട്ടും,

മത്തി ചുമന്നും കൽകളുടച്ചും
മർത്ത്യപരിഷ്കൃതിചലനത്തെ

ഇളതന്നൈശ്വര്യേഷണയെ, ശ്രമ–
ബലവത്താക്കിയ നേതാക്കൾ!

ഇന്നാ വർഗ്ഗമലഞ്ഞീടുന്നൂ
കണ്ണീർ വറ്റിയ കണ്ണോടെ,

മാന്യത ഞെട്ടി വിറയ്ക്കാവും സ്മിത–
മധുരാന്ധതയാം ചുമടോടെ,

നാഗരികതകളെ വെല്ലുവിളിക്കും
നാറപ്പീറയുടുപ്പോടെ,

കുത്തിയ തട്ടക്കാതുകളോടെ,
കുത്തിയ മേല്ക്കാതുകളോടെ.

കെട്ടിയ വെട്ടിയ കുടുമകളോടെ,
മൊട്ടയടിച്ച ശിരസ്സോടെ,

കീറച്ചാക്കുകൾ, പാളത്തൊപ്പികൾ,
നാറപ്പൊക്കണമിവയോടെ,

കാലിത്തകരപ്പാത്രത്തോടെ,
നീളൻമുളവടിയൂന്നോടെ,

പാളച്ചീന്തുചെരിപ്പുകളോടെ,
പാട്ടെന്നോരലമുറയോടെ,

ഉഷ്ണപ്പുണ്ണും ക്ഷയവും കുഷ്ഠവു–
മർബ്ബുദവും ചേർന്നിടരോടെ,

ഗതികിട്ടാത്ത ശവപ്പടപോലെ,
ക്ഷിതിയുടെ കിൽബിഷതതിപോലെ.

''തൊഴിലില്ലിവിടെ,ത്തൊഴി''ലിക്കൂട്ട–
പ്പെരുമുറ കേൾക്കാനാരുള്ളൂ?

ൟൟ

പകലിരവീപ്പട തെണ്ടീടുന്നൂ
നഗരംതോറും തറതോറും,

പാറയിലേറ്റു തകർന്നോരുരുവിൻ
നൂറുവിധം പാഴ്പ്പൊളിപോലെ.

അവരെക്കാണ്മേൻ വണ്ടി സ്റ്റേഷനി,–
ലങ്ങാടികളുടെ കോലായിൽ,

ആലിൻതറയിൽ, ചന്തപ്പുരയിൽ,–
പ്പാലത്തിന്മേൽ,ച്ചുടുകാട്ടിൽ,

കുപ്പകളിൽ,ക്കാട്ടമ്പലമുക്കിൽ–
ക്കുത്തിയിരിപ്പൂ യമിതുല്യം!

വാനിനു കീഴിൽപ്പാകം ചെയ്തതു
വാരിത്തിന്നു മയങ്ങുന്നു,

പക്കിൽക്കാണ്മവർ തങ്ങളിലിണചേർ–
ന്നുൽക്കടശീതമകറ്റുന്നു,

കാറ്റും വെയിലും മഞ്ഞും മാരിയു–
മേറ്റു നുരുമ്പിച്ചളിയുന്നു,

വീണു മരിപ്പൂ പാറ്റകൾപോലേ
വീണാലിപ്പട വീണേടം.

''തൊഴിലില്ലിവിടെ,ത്തൊഴി''ലിക്കൂട്ട–
പ്പെരുമുറ കേൾക്കാനാരുള്ളു?

ൟൟ

വായുവിമാനമിരച്ചീടുന്നൂ
വാനിൽ,ബ്ഭൂമിയിലകറുന്നൂ

കാറുകൾ ജീപ്പുക,ളവയിൽക്കയറി–
ജ്ജോറിലിരിയ്ക്കും നേതാക്കൾ,

കുത്തിനിറുത്തിയ മൈക്കിനു പിന്നിൽ–
ക്കെട്ടിയുയർത്തിയ മഞ്ചത്തിൽ

നിന്നു ഞെളിഞ്ഞുരുവിട്ടീടുന്നൂ
തങ്ങടെ കൊടിയുടെ മാഹാത്മ്യം

ഓരോ മാതിരി ചായം മുക്കിയ
കീറത്തുണിയുടെ വേദാന്തം!

മന്ത്രി മരുത്തിൽപ്പണി തീർക്കുന്നൂ
മാനം മുട്ടും കൊട്ടാരം,

അദ്ദേഹത്തിൻ തലനാ'രെമ്പി'ക-
ളായിരമാക്കിക്കീറുന്നൂ,

'എമ്പി' കടിച്ചുകളഞ്ഞോരെല്ലുക-
'ളെമ്മെല്ലേ' രുചി നോക്കുന്നൂ,

'എമ്മെൽസി' കളോ കൈകഴുകുന്നൂ:
''നമ്മൾക്കെന്തുണ്ടധികാരം!'

ജന്മി മുറുക്കിത്തുപ്പീടുന്നൂ:
''കർമ്മഫലം നിർദ്ദാക്ഷിണ്യം!''

''ധൂർത്തിൻകൂലി!'' തിരുത്തീടുന്നൂ
ധൂമം മോന്തും മുതലാളി,

വിണ്ണിലിരുന്നു കരഞ്ഞാനീശ്വരൻ:
''ഇന്നും നരനൊരു തിര്യക്കോ?

വാലു കൊഴിഞ്ഞൂ, കൊമ്പും; പക്ഷേ
നീളം നാവിനിരട്ടിച്ചൂ:

നിർദ്ദേവത്വക്കൊതിതന്നമലാൽ
നിദ്ര വരിപ്പൂ സാധുക്കൾ!''

ഝഝഝ

തീവെയിലാളീ, തീക്കാറ്റൂതീ,
തീമഴപെയ്തൂ ഹൃദയത്തിൽ;

ഒട്ടിട ഞാനാശിച്ചൂ കയറിൽ-
ക്കെട്ടിത്തൂങ്ങി മരിക്കാനും,

ആയിരമാറ്റംബോമ്പുകളാലി-
പ്പാരൊരു വീർപ്പിൽ മുടിക്കാനും.

ഝഝഝ

ഞാനാ നിനവിന്നിരുളിൽക്കൂടി
സ്നാനം ചെയ്തു മടങ്ങുമ്പോൾ,

എന്തൊരു കുലുമാല!- പ്പൊഴുമുണ്ടാ-
പ്പൊന്തയിലെപ്പൂ ചിരി പെയ്‌വൂ,

ഇളവെയിലും പുലർകാറ്റും കൊണ്ടി-
ട്ടിത്തിരികൂടി പ്രഭയോടെ.

പല്ലുകളിറുകീ, നാഡിയിലൊരു വിഷ-
കല്ലോലിനിതന്നണ പൊട്ടീ,

ഊന്നിയിരുന്നൂ വഴിയുടെ തെറ്റ-
ത്തുടനേ ഞാനാച്ചളിമണ്ണിൽ,

ചെടിയെക്കൈയിൽ മുറുക്കിക്കൊണ്ടാ
മടുമലരിൻ ചിരി വീക്ഷിക്കേ

ചൊല്ലി:''മനുഷ്യനു നരകം നേരും
ദുർലക്ഷണമേ, ചിരി നിർത്തൂ!

നിന്നെ ഹനിപ്പവനുണ്ടേ ശതമഖ–
പുണ്യ; മതെന്നഴലാറ്റട്ടെ!''

പ്രളയം കാത്തു തരിച്ചേ നിൽപ്പാ–
ണിളയൊരു നിമിഷം നിശ്ശബ്ദം

പെട്ടന്നെൻമിഴി കണ്ടെത്തീ മൃദു–
മട്ടലരിന്മേലൊരു തുള്ളി,

രാവിൽ പെയ്തൊരു മഴനീരോ, ചെടി
തൂവിപ്പോയൊരു മിഴിനീരോ?

മുറുകിയ മുഷ്ടിയുലർന്നൂ: ചെടിയുടെ
മുറുവലിലെൻകരൾ വിലയിച്ചൂ

ഉലകിലെ മധുരാനന്ദം മുഴുവനു–
മൂറിയിരിപ്പുണ്ടിതിനുള്ളിൽ!

നിത്യനിരാമയലാവണ്യോജ്വല–
സത്യമിരിപ്പുണ്ടിതിനുള്ളിൽ!

''നിന്നെക്കൊന്നവർ കൊന്നൂ പൂവേ,
തന്നുടെ തന്നുടെ മോക്ഷത്തെ!''

ഊഊഊ

പെട്ടെന്നാ വഴി വന്ന സുഹൃത്തൊരു
പൊട്ടിച്ചിരി പെയ്താരാഞ്ഞൂ:

''എന്താണിങ്ങനെ കുത്തിയിരിപ്പതു,
പൊന്തയ്ക്കരികെച്ചളിമണ്ണിൽ?''

ഒന്നു വിളർത്തൂ മാമകമാന്യത,
പിന്നെ വെറുപ്പോടെഴുന്നേറ്റു:

''ഇല്ല വിശേഷം: ചിത്തഭ്രമമാ–
ണിയ്യിടെ നമ്മൾക്കൽപ്പാൽപ്പം.''

# ഗ്രാമലക്ഷ്മി

വട്ടണമെന്നെക്കളിയാക്കീ: ''പ–

ല്ലൊട്ടുക്കെവിടെപ്പോയമ്മേ?''

തൊണ്ണും കാട്ടിപ്പുഞ്ചിരി പെയ്തേൻ:
''തൊള്ള പൊളിക്കാതിരി, പെണ്ണേ!

തല്ലിച്ചോർത്താനിടവന്നീല, വ
തനിയേ പോയീ വഴിപോലെ.''

പതിനേഴിന്റെ തിളപ്പാ,ലൊപ്പം
പറയാനുള്ള തിടുക്കത്താൽ,

കാരണമെന്തെന്നറിവില്ലാത്തൊരു
കാലത്തിന്റേ കുറുമ്പാലും,

എന്തു പറഞ്ഞൂ ഞാനെന്നര ഞൊടി

ചിന്തിക്കാതവളൂരിയാടീ:

''കൊഴിയാനുള്ളൊരു കാലം വന്നാൽ
കൊഴിയും പല്ലുകൾ; കൊഴിയട്ടെ.

കൃത്രിമദന്തം വേണ്ടതിലേറെ–
ക്കിട്ടാനുണ്ടെന്നായിട്ടും

കാലിമടിശ്ശീലകണക്കെന്തിനു
കവിളൊട്ടാനിടയാക്കുന്നു?''

''ആരാന്മാരുടെ പല്ലുകളെക്കാ–
ളധികം നല്ലൂ പെൺകുഞ്ഞേ,

അവനവനുള്ളൊരു തൊണ്ണേ,'' ന്നവളോ–
ടവസാനം ഞാനുരിയാടി.

ൟൟ

മറുപടി കേട്ടാ മോടിക്കാരി–
ക്കൊരു ഞൊടി വിഭ്രമമുണ്ടായീ,

കരളിലുറുമ്പിൻകടിയുണ്ടായീ,
പുരികത്തിൽച്ചുളിവുണ്ടായി.

''അഴകിൽപ്പോലും ശ്രദ്ധിക്കാത്തവ–
രറിവില്ലാത്തവ,''രെന്നൊക്കെ

കലിയൊടുകൂടിക്കശപിശകൂട്ടി–
ക്കണ്ണു ചുഴറ്റിച്ചോദിച്ചു:

''അവനവനില്ലാ ചന്തം ചാർത്താ–
നാഗ്രഹമെന്നായ്പ്പോയാലും

കാലിമടിശ്ശീലകണക്കൊട്ടിയ
കവിളേന്തുന്നൊരു കോലത്തെ

കാണാനിടയായ്ത്തീരുന്നവരുടെ
കഷ്ടത തെല്ലൊന്നറിയണ്ടേ?

മറ്റുള്ളവരുടെ വിഷമസ്ഥിതിയിൽ–
ച്ചെറ്റൊരു ദയ നാം കാട്ടണ്ടേ?''

ൟൟ

പെട്ടന്നെന്നുടെ ജീവനിലാകെ–
പ്പെരിയൊരസഹ്യത ചുരമാന്തി.

മറുപടിയില്ലാഞ്ഞല്ല,തു മകളൊടു
പറയാൻ നാവു വരില്ലല്ലോ;

നൂറാം കാലത്തിനിയും ശീലം
മാറിയെടുക്കാൻ വയ്യല്ലോ!

കാറ്റിലെ നായ്ക്കുറണപ്പൊടി ദേഹ–
ത്തേറ്റാലത്തെ സ്ഥിതിയായി.

മാന്തണമെന്നുണ്ടടിമുടി, പക്ഷേ,
മാന്തിപ്പോയാൽപ്പൊള്ളച്ചു,

ചോര പൊടിഞ്ഞൂ, പൊട്ടീ, വഴിയേ

നീരും വന്നു കിടപ്പായീ!

ൗൗൗ

മിണ്ടിപ്പോകരുതിനി ഞാനൊന്നും
ചുണ്ടുകളിറുകിയിരിക്കട്ടെ!

തട്ടിനു കീഴിൽത്തൂങ്ങുന്ന മര–
ത്തവളകണക്കെൻവക്ഷസ്സിൽ

മുലയും ചപ്പിയിരുന്നവളാണീ
മൂക്കു വിറയ്ക്കും പെൺകുട്ടി!

ഊണു കഴിക്കില്ലോമനയിന്നും
ഞാനച്ഛേറ്റിലിറങ്ങായ്കിൽ!

യന്ത്രഭ്രാന്തിൻദംഷ്ട്രകളിൽ സ്വാ–
തന്ത്ര്യം ചെന്നു കുടുങ്ങാനും

ആലസ്യത്തിലമർന്നാത്മാവിനു
മൂലക്കുരുവുണ്ടാവാനും

വദനം ചിരിയാൽ മൂടിയ വഞ്ചന
ഹൃദയത്തിൽ കുടിപാർക്കാനും

കുപ്പിപ്പാലിൻതകരച്ചുവയാൽ–
ക്കുഞ്ഞിച്ചുണ്ടു ചുളുങ്ങാനും

സ്നാനമുപേക്ഷിച്ചിന്ദ്രിയമനുദിന–
പാനോത്സവരസബഹളത്തിൽ

ആടിപ്പാടി മരിക്കാനും, ത്രപ
കാടേ ഗതിയെന്നോടാനും

ആരോ കാരണ,മവളാണെന്നോ–
ടാക്രോശിപ്പൂ വീറോടെ,

അഴകുണ്ടാക്കാൻ, അറിവുണ്ടാക്കാൻ,
അന്യരൊടിത്തിരി ദയ കാട്ടാൻ!

ഇതിലും വലിയോരനുകമ്പാർഹത–
യിതിലും വലിയോരജ്ഞാനം

ഇളയിൽകണ്ടീലിന്നേവരെ ഞാ–
നിതിലും വലിയൊരു ചണ്ടിത്തം!

ൗൗൗ

മറവീ, ജയ ജയ! മരണം വരെ ഞാൻ
മണ്ണിലിറങ്ങിപ്പണിചെയ്യും!

കാർനിഴൽ മുറ്റിയ കർക്കിടകത്തിൻ
കാനനഭീകരഹൃദയത്തിൽ

പല നിറമിഴുകിയ പൊന്നിൻചിങ്ങം
മലർമഴപെയ്യും ദിവസത്തിൽ

പാഴ്ചളികൊണ്ടെൻമരണം വരെ ഞാൻ
പവിഴപ്പാൽക്കുല വിളയിക്കും!

കണ്ണുള്ളവരതു കാണട്ടേ, കൊയ്–

തുണ്ണാവുന്നവരുണ്ണട്ടേ.

പാറകണക്കെയിരിക്കട്ടേ ഹൃദി
പാവപ്പെട്ടൊരഹങ്കാരം:

സ്തന്യം നല്കി വളർത്തീ ഞാനീ–
പ്പെണ്ണിനെയെന്നതു നിസ്സാരം!

ഊൗൗ

ശരിതാനെല്ലാം; എന്നാലും മകൾ
വിരലെൻനേരേ ചൂണ്ടുമ്പോൾ

എന്നുടെ ചുണ്ടിൽക്കിളരും ഹാസം
കണ്ണീർ വീണു കലങ്ങുന്നു.

എന്നുടെ കർമ്മം, ജന്മംതന്നെയു–
മെന്നെന്നേയ്ക്കും പാഴായീ

താളിലയിങ്കൽത്തൂവിയ വെള്ളം–
പോലെന്നല്ലെന്നസ്വാസ്ഥ്യം.

ഇല്ലാ ചത്തു മലച്ചാലെള്ളരി–
വെള്ളം തരുവാനൊരു ജീവൻ

ഇവളല്ലാതെയെനിക്കെന്നതുമ–
ല്ലിപ്പോഴുള്ളോരസ്വാസ്ഥ്യം.

തന്നീലാ വിധി പത്തും നൂറും;
തന്ന കിടാവിന്നാവട്ടേ,

കട്ടിളയോളം വലുതായിട്ടും
കഥയുണ്ടാവുന്നില്ലല്ലോ;

തട്ടീ മൃതിയെൻതലയെന്നാലിവൾ
പട്ടിണിയായിപ്പോമല്ലോ;

കൃത്രിമദന്തം വെച്ചാലും, മൃതി–
പറ്റുകയില്ലെന്നില്ലല്ലോ!

# പേടിസ്വപ്നം

അന്തിക്കു മന്ദാനിലനേറ്റു ഞാൻ മലർന്നുംകൊ–
ണ്ടംബരത്തിനു കീഴിൽക്കട്ടിലിൽക്കിടക്കുമ്പോൾ,
വിധുവിൻ പരിമൃദുകരങ്ങളെന്നാത്മാവിൻ
മധുരസ്വരലീനതന്ത്രികളുണർത്തുമ്പോൾ,
എൻകരൾക്കൂട്ടിൽക്കിടന്നുറങ്ങും മഹത്ത്വങ്ങൾ
പൊൻകിനാക്കളിട്ടടിച്ചുയരെപ്പറക്കുമ്പോൾ,
അവതൻ ചിറകടിയൊച്ചയിൽക്കേൾപ്പൂ ലോക–
മഭിമാനോൽഭിന്നമാമീ മഹാസന്ദേശത്തെ:
''സ്നേഹത്തെ   ബ്രഹ്മാണ്ഡത്തെയാകവേ സ്നേഹിക്കേണ്ടും
ദാഹത്തെയുപാസിക്കൂ, മാനുഷഹൃദയമേ!''

ഊൗൗ

മാമകചിത്തത്തിന്റെ തുടിപ്പിൽച്ചവുട്ടിക്കൊ–
ണ്ടോമനനിമേഷങ്ങളോരോന്നും മറയുമ്പോൾ,
അൻപെഴുമേതോ നേർത്ത വിസ്മൃതി വന്നെൻ കണ്ണിൽ–
ച്ചുംബിപ്പൂ, സ്വാപത്തിന്റെ തേൻ പുരട്ടുന്നൂ മെല്ലേ;
പിന്നെ ഞാനൊരജ്ഞാതലോകത്തിൻ മടിത്തട്ടിൽ–
ച്ചെന്നു വീഴ്കയും ചെയ്‌വൂ വിടർന്ന മിഴിയോടെ.
പകലിൻ മുടി ചൂടും കർമ്മസാക്ഷിതൻ സപ്ത–
കിരണങ്ങളാലുർവ്വി വെന്തുവെന്തവിയുന്നൂ.
നഗരത്തിൽനിന്നരിച്ചെത്തുന്നൂ കുഗ്രാമത്തിൽ
പലവർണ്ണത്തിൽക്കൊടിചൂടിയ കാറും ജീപ്പും.
നാട്ടുകാർ ചളിപറ്റിക്കീറിയ തുണി ചുറ്റി–
യാട്ടുപറ്റത്തെപ്പോലെ പാഞ്ഞെത്തിത്തടിക്കുമ്പോൾ,
ചാരെ വന്നിറങ്ങുന്നൂ ചില ഭീകരാത്മാക്കൾ
കാരിരുമ്പുലയ്ക്കകളേന്തിയ ഭുജത്തോടെ,
കട്ടച്ചെന്നിണമിറ്റും ദംഷ്ട്രകളോടെത്തല–
ക്കുറ്റിയിൽപ്പോത്തിന്റേതിനൊത്ത കൊമ്പുകളോടെ.
ഞെട്ടുന്നൂ, വിറയ്ക്കുന്നൂ കൃഷിക്കാരാകെ;– ക്കൂട്ടി–
മുട്ടിടും ദന്തങ്ങൾതൻരടിതം മുഴങ്ങുന്നൂ!

ഊഊഊ

കേവലം രസത്തിന്നായിരുചേരികളെന്നു
ഭാവിച്ചും കൈകോർത്തും നിന്നന്നവർ നൃത്തം വെയ്ക്കേ,
മാമകചിത്തത്തിന്റെ തുടിപ്പിൽച്ചവുട്ടിയാ–
ബ്ഭീമമാത്രകളോരോന്നോരോന്നും മറയുമ്പോൾ,
പല്ലിനാൽ വടികുത്തി നാവിനാൽ കോണംതറ്റു
ചൊല്ലിയാടുകയായാബ്ഭീഷണസ്വരൂപങ്ങൾ.
കൺകളിൽത്തീക്കുണ്ഡങ്ങളാടിടുമവരുടെ
കണ്ഠങ്ങ,ളെട്ടാശയും ഞെട്ടുമാറിടി വെട്ടി:
''മർത്ത്യരക്തത്തിന്നായി, മർത്ത്യമാംസത്തിന്നായി,
മർത്ത്യരേ, കൃഷിചെയ്യും മർത്ത്യരേ, വന്നൂ ഞങ്ങൾ
നിൽക്കുവി,നിളകാതെ നിൽക്കുവിൻ കൃഷിക്കാരേ,
നിങ്ങളെ മാന്തിക്കീറി ബ്ഭുജിച്ചീടട്ടേ ഞങ്ങൾ.''
വാരൊളിച്ചന്ദ്രക്കല പോലെഴും നഖം പൊക്കി
നേരിലാ മഹാവിരൂപാത്മാക്കൾ കുതിച്ചപ്പോൾ,
ഉടനേ കരഞ്ഞുപോയ് ക്കൃഷിക്കാരത്യുച്ചത്തിൽ:
ഉലകം പൊട്ടിപ്പൊട്ടിത്തെറിച്ചൂ; കെട്ടൂ സൂര്യൻ.
ഇരുകൂട്ടരുമെഴുതീടുകയത്രേ നെറ്റി–
പ്പരപ്പിൽ, ''ജ്ജനേച്ഛയെ ക്കാത്തുരക്ഷിപ്പൂ ഞങ്ങൾ.''
എഴുതുന്നതോ കൃഷിക്കാരുടെ നെഞ്ചത്തുനി–
ന്നൊഴുകും ചുടുചോരച്ചെഞ്ചായത്തിലുമത്രേ!

ഊഊഊ

''അയ്യയ്യോ,,'' കരഞ്ഞുണർന്നേറ്റു ഞാൻ, വേർപ്പോലുമെൻ
മെയ്യിനെപ്പുലർക്കുളിർത്തെന്നൽ വന്നാശ്ലേഷിപ്പൂ!

# അണ്വായുധം

തമസ്സു തിങ്ങിപ്പരിശൂന്യമായ
മരുപ്പരപ്പിൻ നടുവിൽപ്പിറന്നു
നിസ്സാരമാമബ്ജനകാണുഗർഭ–
ച്ഛിദ്രത്തിൽനിന്നുഗ്രനൊരഗ്നിദേവൻ.

അവൻ വളർന്നിദ്ധരയാകെയൊറ്റ–
ച്ചവിട്ടടിക്കുള്ളിലൊതുക്കിനിൽക്കേ
പുരാണലോകത്തിലെ വാമനന്നു
കാതോളവും കണ്ണു വിടർന്നുപോയി.

അവൻ പടർന്നിദ്ധരയാകെയൊറ്റ–
ക്ഷണത്തിനാൽ വാരിവിഴുങ്ങി നിൽക്കേ
വലത്തുകയ്യാൽക്കടലാചമിച്ചോ–
രഗസ്ത്യനും മൗലി കുനിഞ്ഞുപോയി.

അനാദിയായുള്ള മനസ്സു വീണ്ടും
കണ്ണീർ പൊടിക്കും കരളോടുകൂടി
ജീവാത്മരാഗാമൃതവൃഷ്ടിയാൽത്തീ
കെടുത്തവേ തന്നൊടുതന്നെ ചൊൽവൂ:

''ചിരാലിദാനീന്തനമർത്ത്യഹൃത്തിൽ–
ക്കിളർന്നതാണീപ്പെരുകുന്ന പാപം
യുക്തിക്കതിൻ സാഹസികത്വഗർഭ–
പാത്രം സമർപ്പിച്ച ദുരന്തശാപം!''

# വെളിച്ചം തിരഞ്ഞ്

ഹന്ത വെളിച്ചമേ, നിന്നെത്തിരഞ്ഞ ഞാ–
നെന്തിരുളൊക്കെച്ചവിട്ടി നീക്കി!

ഊഊഊ

കാലടിവെള്ളയിൽച്ചോരയും തപ്തമാം
ഫാലത്തിൽ വേർപ്പും പൊടിഞ്ഞുനിൽക്കേ,
എന്നിൽനിന്നായുസ്സിൻ തുള്ളികളോരോന്നാ–
യെന്നേയ്ക്കുമായിപ്പറിഞ്ഞുവീഴ്കേ,

'എന്തും വരട്ടെ, മുന്നോട്ടെ' ന്നഹങ്കാര–
മന്തരാത്മാവിൽച്ചിറകടിയ്ക്കേ,

പാറയും വൃക്ഷവും കുന്നും ലതകളു–
മാറും പുറകോട്ടു സഞ്ചരിക്കേ,

ഓരാതെയില്ല ഞാൻ: എന്നെച്ചുഴലുന്നു
കൂരിരുളട്ടികളേറെയേറെ!

ഊഊഊ

ശൈശവകാലത്തെക്കുഞ്ഞിമിഴികളി–

ലാശാകിരണങ്ങൾ നട്ട തിങ്കൾ–

മാത്രതോറും മഴവിൽപ്പരിവേഷങ്ങൾ
മായ്ച്ചും വരച്ചും വളർന്ന തിങ്കൾ–

മങ്ങി മങ്ങിച്ചെന്നടിഞ്ഞൂ വിദൂരത്തി–
ലെങ്ങാണ്ടൊരു മലമ്പാഴ്പ്പിളർപ്പിൽ:

വർദ്ധിതശങ്കയെത്തച്ചുകെടുത്തി ഞാ–
നുദ്ധതനായി നടന്നു വീണ്ടും:

നാളെയെന്നുള്ളതു മാറ്റൊരു നാളേയ്ക്കു
നീളാമെന്നാകിലും ഞാനൊരിക്കൽ

കാണും വെളിച്ചത്തെ;– ത്താരകളല്ലയോ
പൂണുന്നു നേരെന്ന മന്ദഹാസം?

ഊഊഊ

ഒറ്റ ക്ഷണത്താലൊരു കൊടുങ്കാറ്റൂതി,
മുറ്റിപ്പടർന്നൂ കാർകൊണ്ടൽ വിണ്ണിൽ:

മിന്നുമുഡുക്കളുമില്ലാതായ്, ബ്ഭൂമിയിൽ
മിന്നാമിനുങ്ങുകൾ മാത്രമായി!

കെട്ടുപോവുന്നു, മിനുങ്ങുന്നു പിന്നെയും
കെട്ടുപോവാനീക്കൃമികുലങ്ങൾ.

ഞാനയ്യോ, തേങ്ങിക്കരഞ്ഞുപോകുന്നു: ഹാ,
കാണില്ലെന്നുണ്ടോ വെളിച്ചം പക്ഷേ?

എങ്കിലും മുമ്പോട്ടേ പാദം ചലിക്കുന്നു
മുൻകാലത്തിന്റെ നിനവിലൂടെ.

ഊഊഊ

ഹന്ത വെളിച്ചമേ, നിന്നെത്തിരയുവാ–
നെന്തിന്നെനിക്കൊരു തോന്നൽ തോന്നി

ഉള്ള ചങ്കൂറ്റം തകരുവാൻ, അല്ലെങ്കി–
ലുള്ള വെളിച്ചവും കെട്ടുപോവാൻ!

ആവോ, തമസ്സാൽത്തളരുമെൻ നേത്രത്തി–
ലാവിർഭിവിക്കുന്ന കണ്ണുനീരേ,

നീയാവാമിജ്ജഡബ്രഹ്മാണ്ഡകോടിയിൽ–
ജ്ജീവാതു കുത്തിയിടുന്ന സൂര്യൻ.

# യുഗപ്രളയത്തിൽ

ഞാനെന്ന ഭാവം പുണർന്നു ഞെരിക്കയാൽ
മാനവൻ തേങ്ങി വിളിക്കുന്നു,

നാഗരികത്വത്തിൻയന്ത്രക്കുഴലിലാ
നാദം ചതഞ്ഞു ഞെരുങ്ങുന്നു:

''നിത്യപ്രകൃതി, നീയുള്ളിൽത്തഴുതിട്ട

സത്യത്തിൻവാതിൽ തുറന്നാലും,

ഭാരതം പണ്ടു വന്നുന്തിത്തുറന്ന മൺ–
കൂരയെൻമുമ്പിൽത്തുറന്നാലും!

കാട്ടാളനിൽച്ചുടുകണ്ണീരുറത്തുന്ന
കാന്തവിളക്കു തെളിച്ചാലും!

നെഞ്ചിൽക്കഠിനമായ് വീർത്തോരുപനിഷ–
ത്തെൻ ചോരിവായിൽപ്പകർന്നാലും!

മാന്തിപ്പൊളിക്കുന്നു കാട്ടാള,നെൻകരൾ
ചീന്തിക്കുടിക്കുന്നു കാട്ടാളൻ.

എന്നെപ്പിടിച്ചു കറുംമുറും തിന്നുന്നു
കണ്ണുനീരില്ലാത്ത കാട്ടാളൻ.

കണ്ണുകൊണ്ടെത്ര തിരഞ്ഞു ഞാ,നെന്നിട്ടും
കാഴ്ചപ്പുറുത്തവൻ വന്നില്ല:

കാതുകൊണ്ടെത്ര തിരഞ്ഞു ഞാ,നെന്നിട്ടും
കേൾവിപ്പുറത്തവൻ വന്നില്ല.

കാട്ടാളനാകെക്കടങ്കഥയാണെന്നു
നാട്ടുകാരെന്നോടു ചൊല്ലുന്നു:

നാട്ടുകാരെന്തൊരു പാവങ്ങൾ! കണ്ടതും
കേട്ടതും മാത്രമേ നമ്പുന്നു!
എന്നെക്കടിച്ചു ചവയ്ക്കും ചവയ്ക്കൽ ഞാ–
നെന്നിയേ ആരാരറിയുന്നു?

നാവു കുഴയുന്നു, യുക്തിബോധച്ചെറു–
നാവും വരണ്ടു വലിയുന്നു!''

ഊഊഊ

ഞാനെന്ന ഭാവം പുണർന്നു ഞെരിക്കയാൽ
മാനവൻ തേങ്ങി വിളിക്കുമ്പോൾ,

നാഗരികത്വത്തിൻ യന്ത്രക്കുഴലിലാ
നാദം ചതഞ്ഞു ഞെരുങ്ങുമ്പോൾ,

നിത്യപ്രകൃതിതൻ മൺകുടിൽപ്പക്കത്തിൽ
നിശ്ചലം തെല്ലിട നില്ക്കുന്നു

നില്ക്കാത്ത കാലവും; വാതിലിൽജ്ജിജ്ഞാസാ–
നിഷ്പന്ദദൃഷ്ടി തറയ്ക്കുന്നു.

# അവനാര്?

**ക**രയുന്ന നെഞ്ചിനെ,ക്കുതറുന്ന നെഞ്ചിനെ–

യൊരു കയ്യാൽപ്പൊത്തിപ്പിടിച്ചുകൊണ്ടും,

മുറിവേറ്റു ചോരയിൽപ്പിടയും ഭൂഗോളത്തെ
മറുകയ്യാൽത്തോളിലെടുത്തുകൊണ്ടും,

പരലക്ഷം പകൽകളെ മേയ്ക്കുവാനൊരു താര–
സ്വരമായ ചൂളം വിളിച്ചുകൊണ്ടും,

പകപോലെക്കുന്നിപ്പോരണുഗർഭച്ഛിദ്രത്തിൻ–
പുക തിങ്ങുമന്തരീക്ഷത്തിലൂടെ

അതിദൂരത്തിരുളും വെളിച്ചവുമല്ലാത്തോ–
രവിരാമകാന്തിമൽപ്പുരിതൻനേരെ

കരയറ്റ കണ്ണുനീർക്കടലിലെത്തിരകളിൽ,
കനമുള്ള ചരണങ്ങളൂന്നിയൂന്നി

വിരിനെറ്റി വേർത്തതും കഴൽവെള്ള വെന്തതു
മറിയാത്തപോലെ കടന്നുപോയി

ഒരു മൃഗം, ചൊടികളിൽപ്പൂനിലാവൂറിക്കൊ–
ണ്ടെരികണ്ണിൽത്തീവെയ്‌ലുറഞ്ഞുകൊണ്ടും!

ൟൟ

അലിയുന്നൂ തങ്ങൾതൻ തരിമണൽദ്വീപുക–
ളനുമാത്രമെന്നു ധരിച്ചിടാതെ

ഇരുപുറത്തക്കാഴ്ച കണ്ടു നിന്നീടിന
ചെറുമനുഷ്യന്മാർ പകച്ചുപോയി:

നരിയല്ല, പുലിയല്ല, മയിലല്ല, മാനുമ–
ല്ല,റിയില്ലാജ്ജന്തുവിൻ പേരൊരാൾക്കും:

അജമല്ല, ഗജമല്ല, കാളയും പോത്തുമ–
ല്ല,റിയില്ലാജ്ജന്തുവിൻ പേരൊരാൾക്കും;

കുറുനരി, കീരി, പാമ്പൊലി, പൂച്ച, നായുമ–
ല്ല,റിയില്ലാജ്ജന്തുവിൻ പേരൊരാൾക്കും

അറിവിൽപ്പെടാജ്ജന്തു ചരണങ്ങളൂന്നിയ
തിരകളിൽപ്പക്ഷേ, പതിഞ്ഞുനിൽപ്പൂ

പലവിധം ശബ്ദങ്ങൾ, ശിലകളിലല്ലെങ്കിൽ–
ത്തലയിൽക്കുറിച്ച കുറിപ്പുപോലെ.

ഒരിടത്തതാ കുരുക്ഷേത്രമെന്നാകിൽ മ–
റ്റൊരിടത്തു കാൽവരിയെന്നു കാൺമൂ:

ഗയയെന്നും കാണുന്നു ഹീറയെന്നും കാഞ്ചീ–
പുരമെന്നും കാണുന്നു വാർദ്ധയെന്നും.

ൟൟ

പൊരുളെന്തിതിന്നൊക്കെയെന്നൊരു ചിന്തയാൽ
ചെറുമനുഷ്യർക്കു തല നരയ്ക്കേ

പറയുന്നു പർവ്വതാരോഹകൻ: ‘‘കിട്ടിപ്പോയ്
പ്പൊരു,ളാ മൃഗംതന്നെ ഹിമമനുഷ്യൻ.’’

പറയുന്നൂ യന്ത്രനിർമ്മാതാവും, ‘‘കിട്ടിപ്പോയ്–
പ്പൊരു,ളവൻ ചൊവ്വാമനുഷ്യനത്രേ.’’

പിറുപിറുത്തുംകൊണ്ടു നില്ക്കും വയോധിക–
രുരചെയ്തിതൊറ്റസ്വരത്തിലപ്പോൾ,

''എതിർപാർത്തതീശ്വരരൂപമല്ലോ; പൊരുൾ
ഹതഭാഗ്യർ നമ്മളറിഞ്ഞീലല്ലോ!''

ൟൟൟ

ഇരുളിൽനിന്നൊരു പൊട്ടിച്ചിരിയുടൻ കേൾക്കായി
കരളിന്റെ കരളിൽനിന്നെന്നപോലെ,

''ചരലിന്റെ മൂർച്ച സഹിക്കുവാൻ വയ്യാഞ്ഞി–
ട്ടിരുകാലും തോലിൽപ്പൊതിഞ്ഞവരേ,

ഇരുകാലും നീട്ടി നടക്കുവാൻ വയ്യാഞ്ഞി–
ട്ടുരുൾ വെച്ച വാഹനം തീർത്തവരേ,

ചുമലിന്നു ഭാരം പൊറുക്കാഞ്ഞു കപ്പിയിൽ
കയറിടും കളവു പയറ്റിയോരേ,

മഴയേൽക്കാൻ മഞ്ഞേൽക്കാൻ വെയിലേൽക്കാൻ കാറ്റേൽക്കാൻ
കഴിയാഞ്ഞു പുര കെട്ടിക്കൂടിയോരേ,

അപരരെപ്പേടിച്ചിട്ടവനവനെക്കൊല്ലു–
മണുബോമ്പു നിർമ്മിച്ച ദുർബ്ബലരേ,

ഫലചിന്തയില്ലാത്തോരഭയാത്മപ്രേമത്തിൻ–
ബലമെന്തെന്നറിയാത്ത ദുർഭഗരേ,

ഇരുകാലിൽ നിൽക്കുന്ന നിങ്ങൾതൻ ജീവനു–
ണ്ടിഴയുന്നൂ ശിശുപോലെ മണ്ണിലിന്നും.

അറിയാവതെമ്മട്ടിൽ, പറയാവതെമ്മട്ടി–
ലവശരേ, നിങ്ങൾക്കെൻ നാമധേയം?''

ൟൟൟ

അവിരാമകാന്തിമൽപ്പുരിയുടെ ഗോപുര–
ച്ചുമരിലാശ്ശബ്ദം പ്രതിധ്വനിയ്ക്കേ,

വിടരുന്ന ശൂന്യതാവക്ത്രം വിനീതർതൻ
വിടരുന്ന വിസ്മയം പോലെ നിൽക്കേ,

അവനോതി,''ഈശ്വരൻതന്നെ ഞാൻ എങ്കിലു–
മതു വെറും സാമാന്യനാമമത്രേ:

ശരിയായ പേരെ, ൻവിശേഷനാമം തന്നെ–
യറിവിൻ: ഞാൻ പച്ചമനുഷ്യനത്രേ!''

ഇതുകേട്ടു നാവു കടിച്ചുപോയാളുക;–
ളിമ വെട്ടാക്കൺകൾ തുറിച്ചുപോയി.

''പരമാർത്ഥമിക്കേട്ടതാണെങ്കി,ലാരെന്നു
പറയേണ്ടൂ നമ്മളെ നമ്മൾ മേലിൽ!''

# അഡയാറിലെ മുത്തച്ഛൻ

**അ**ഡയാറിലെപ്പടുകൂറ്റനാം പേരാലിന്റെ

മടിയിൽ, ബ്ബലിഷ്ഠമാക്കൈകൾതൻ തണൽക്കെട്ടിൽ,

അദ്ദേഹം വീശിത്തന്ന കുളിർകാറ്റേറ്റും പതി–
നായിരം നാവാൽപ്പാടിത്തന്ന തൻകഥ കേട്ടും

ഒരു നാൾ മധ്യാഹ്നത്തിലിരുന്നേൻ: കൂമ്പും കണ്ണിൽ
വിരിഞ്ഞൂ സ്വപ്നം: ഞാനൊന്നുറങ്ങീ ശിശുപോലെ

''ആയിരം വേരും വേടും പായിച്ചൂ ഞാനീ മണ്ണി–
ലായിരം നിശകളാൽപ്പകലാൽ; കണ്ടാലും നീ.

വീണാലും ജീവിക്കും ഞാനീ മണ്ണിലൂടേ: മക്ക–
ളാണെനിക്കിളയിന്മേൽ ശ്വസിക്കുന്നവരൊക്കെ.

ആർക്കുമെൻതണലിൽവന്നിരിക്കാം, ക്ഷീണം തീർക്കാം
ആർക്കുമെൻവീർപ്പാൽ, വീണ്ടുമുയിർക്കാം, എഴുന്നേൽക്കാം.''

കഴൽവെപ്പൊലി കേട്ടു ഞെട്ടി ഞാനെഴുന്നേൽക്കെ–
ത്തൊഴുകൈയൊടെൻ മുന്നിലുണ്ടൊരു വെള്ളക്കാരി.*

ജ്വാലപോലിളകിടും നരയൻമുടിക്കുള്ളിൽ
ശ്രീലമാ മുഖം മിന്നീ തിളയ്ക്കും സ്വർണ്ണംപോലെ.

ശ്വേതമാമൊരു സാരി ചുറ്റിയിട്ടുണ്ടാ വൃദ്ധ,
പൂതമാമേതോ ശാന്തി പുതച്ചിട്ടുണ്ടാജ്ജീവൻ.

ശോകരമ്യമാക്കണ്ണിൻ വിനയം ചോദിപ്പൂ,'നി–
ന്നേകാന്തതപസ്യ ഞാൻ മുടക്കിപ്പോയോ, കുഞ്ഞേ?''

ആശ്ചര്യവികസ്വരമായിതെൻ മനസ്സപ്പോ–
ളാദരാൽസ്സങ്കോചിച്ചൂ മാമകകരാഗ്രങ്ങൾ.

ഉൽക്കടാനന്ദം നുകർന്നങ്ങനെ നിൽക്കേ, ബങ്കാ–
ളുൾക്കടലല്ലാ കിഴക്കെൻ കണ്ണിൽ നൃത്തംവെയ്പൂ,

ചരിത്രം കാൽകുത്താത്ത ഭാരതാടവിയിൽനി–
ന്നൊരിക്കലൊറുപ്പൊട്ടിപ്പല കൈവഴികളായ്

ഒഴുകിദ്ധരണിതന്നൂഷരഹൃദയത്തെ–
ക്കഴുകിപ്പോരും ധീരസ്നേഹമാം കടലത്രേ!

# മനുഷ്യൻ പിറന്നു

കടലു വിഴുങ്ങീ രാജ്യം കണ്ണീർ–
ക്കടലാ; ക്കടലിൻമധ്യത്തിൽ

'അമ്പട ഞാനേ' നിന്നൂ ചിലചില
സമ്പൽദ്വീപുകളലിയാതേ.

അകമേ തങ്കപ്പാറകളോടെ–
പ്പുറമേ പവിഴപ്പുറ്റോടെ.*

ദ്വീപിനുമീതെ പ്രതിനവനിമിഷ–
ദ്വിഗുണീകൃതമാം ഭയമേന്തി

കുത്തിയിരുന്നൂ പൂതത്താന്മാർ
കത്തിപ്പുകയും മിഴിയോടെ.

കടലല പൊങ്ങിപ്പൊങ്ങിച്ചെന്നാ–

ക്കരയെത്തല്ലിയുടയ്ക്കുമ്പോൾ,

ഉടയും പാറയൊടൊപ്പം തിരതൻ
സ്ഫടികപ്പല്ലും തകരുമ്പോൾ,

അലയിൽത്താണുമുയർന്നും ചീറീ
നില കിട്ടാത്ത ചെകുത്താന്മാർ,

'മുങ്ങിപ്പോയീ ഞങ്ങടെ രാജ്യം,
ഞങ്ങളെയൊന്നു പിടിച്ചേറ്റൂ.'

'ഞങ്ങടെയാണീ ദ്വീപ,മതിന്മേൽ
നിങ്ങൾക്കില്ലൊരു തരിപോലും.'

'ഇന്നലെ നിങ്ങളടക്കിയതാവാ,–
മിന്നതിനെങ്ങളുമവകാശി.'

'തൊട്ടാലപ്പോൾക്കൊത്തിമുറിക്കും
തൊട്ട വിരൽത്തുമ്പോ,ർത്തോളൂ.'

'കൊത്താനോങ്ങുന്നവരുടെ വംശം
കൊന്നുമുടിക്കും, കണ്ടോളൂ.'

പൊങ്ങിപ്പൊങ്ങിവളർന്നാ നാദം
വിങ്ങിനിറഞ്ഞിതനന്തത്തിൽ:

'എന്നാലങ്ങിനെയാട്ടേ, വരുവിൻ,
'കൊന്നുതുടങ്ങാമന്യോന്യം.'

'കൊന്നുതുടങ്ങാമന്യോന്യം' 'ശരി,
കൊന്നുതുടങ്ങാമന്യോന്യം.'

'ആരു ജയിക്കും?' 'കാണാം' 'ചോരയി–
ലാറാടട്ടേ ബ്രഹ്മാണ്ഡം.'

ൟൟ

ദിക്കുകളെട്ടും മരവിയ്ക്കേ, സ്ഥിര–
നക്ഷത്രാവലി വിറകൊൾകേ,

വെള്ളിടിവെട്ടീ; ഞൊടിയിലൊരമൃത–
ത്തുള്ളി പൊഴിച്ചൂ വിരിവാനം

യുഗപരിവർത്തനദശയിൽപ്പെയ്യും
സുഗഭീരോജ്ജ്വലദയപോലെ!

മന്ദമിറങ്ങിവരുമ്പോളാജ്ജല–
ബിന്ദു വിടർന്നൂ വഴിയാലെ

അരിമയിലുദയദ്യുതിപരിവേഷ്ടിത–
മൊരു വെൺതാർക്കുടഞെറിപോലെ!

അപ്പോൾക്കാണാ,യതിലൊരു കിഴവൻ,
സ്വല്പശരീരൻ, കടുഭാവൻ,

അചലത്തെക്കാളചലൻ, തപനനി–
ലധികം തപനൻ, നിൽക്കുന്നു!

കണ്ണടയിങ്കൽക്കട്ടപിടിച്ചൂ
മണ്ണിലെ ദിവ്യജ്ഞാനങ്ങൾ,

ഊശൻതാടിയിലൂഞ്ഞാലാടീ
പേശലവിശ്വസ്നേഹങ്ങൾ,

കയ്യിലെ ദണ്ഡിലുറച്ചുകിടന്നൂ
കർമ്മൈകാഹൃതധൈര്യങ്ങൾ,

അഭിനവലോകവിഭാവന കാണാ–
യരയിലുടുപ്പിന്നിഴതോറും.

ൟൟൟ

കരയിൽപ്പൂതത്താന്മാരവനെ–
ക്കണ്ടുവെറുത്തു നിമന്ത്രിയ്ക്കേ,

കടലിലുഴന്ന ചെകുത്താന്മാരോ,
കഷ്ടംവെച്ചൂ ചിരിയോടെ

അവനാട്ടേ, താനൂന്നിയ വടിയാ–
മിരുതലകൂർത്തൊരു കുന്തത്തെ

പൂതത്താന്റെ, ചെകുത്താന്റേയും
ഭീതികൾ കൊക്കും ഹൃദയത്തിൽ

ഒന്നിടവിട്ടു തറച്ചാൻ, ശേഷി–
ച്ചൊരുവനുമില്ലെന്നാവോളം:

തോണ്ടിയെടുത്താനോരോ വലിയിലു–
മോരോ പറ്റം സർപ്പത്തെ!

നോവു പൊറാഞ്ഞി,രുവരിയായ് നിൽപ്പവ–
രേവരുമഴുതാരന്നേരം.

അലമുറ മെല്ലെന്നവസാനിയ്ക്കേ
തല മുമ്പോട്ടു കുനിഞ്ഞപ്പോൾ,

തൻതൻ കരിനീലോഗ്രശരീരം
തങ്കംപോലവർ കണ്ടപ്പോൾ,

കല്ലിലഹല്യ ജനിച്ചതുപോലെ
മുള്ളിൽപ്പൂ വിരിയും പോലെ

അവരുടെ ലക്ഷം ചുണ്ടിലുദിച്ചൂ
ശിവമയമിസ്സാമാലാപം,

'അയ്യോ, ഞാനൊരു നൂൽക്കൊടിയെങ്കിലു–
മരയിലുടക്കീട്ടില്ലല്ലോ!'

# കേവല മനുഷ്യൻ

കണ്ണടയ്ക്കു പിന്നിൽശ്ശമനിശിതങ്ങളായ രണ്ടു
കണ്ക,ളരയിഞ്ചു നീണ്ട വെൺതാടിരോമം.

ശുഭ്രഖദറുടുപ്പ,ർദ്ധനഗ്നദേഹം, ദൃഢയഷ്ടി
ശുഷ്കനായിച്ചുക്കുപോലുള്ളൊരു മനുഷ്യൻ!*

തിന്മയോടാം സ്നിഗ്ദ്ധതീക്ഷ്ണഗർജ്ജനത്തിലടങ്ങുന്നു
നന്മയോടാ യാജി ചെയ്യും നർമ്മസല്ലാപം:

ഈ ജഗത്തിൻധർമ്മപ്രേമോദാരതീവ്രതോദ്രയമേ,
നീ ജയിപ്പൂ വറ്റിയാലും വറ്റാതെതന്നെ.

ൟൟൟ

അദ്ദേഹത്തൻ ചരണങ്ങളവിശ്രമം ചലിക്കുന്നു
ചത്ത കുഗ്രാമാശയത്തിൻ ചരലിലൂടെ,

അജ്ഞതതൻ പരിഹാസകണ്ടകവിരിപ്പിലൂടെ,
മിത്ഥ്യാഭിമാനത്തിൻ പാപതമസ്സിലൂടെ.

ഒരു പാദമുദ്ര കാണ്മതീ നാട്ടിലാണെങ്കിൽപ്പിന്നീ–
ടൊരു പാദമുദ്ര കാണ്മതയൽഗ്രാമത്തിൽ.

ആ മനുഷ്യമേഘജ്യോതിർല്ലേഖയുടെ ദീർഘപാദം
ഭൂമിയിങ്കൽപ്പതിഞ്ഞതെങ്ങവിടെയൊക്കെ

ചുടുവേർപ്പുകണം വീണു പൊള്ളീടുന്നൂ ഹൃത്തുകളിൽ–
ക്കുടികൊള്ളും സർവ്വേക്കൽകൾ പൊടിഞ്ഞിടുന്നു.

ഃഃഃ

കുത്തിയൊഴുക്കുകയാണാക്കൊടുങ്കാറ്റിൻ ചുണ്ടിൽനിന്നു
കത്തും ലാവ, ലാവയിൽ വെൺതാമരപ്പൂക്കൾ.

താണുതാണു മയങ്ങുന്ന കൂരിരുൾക്കയത്തെ വാരി–
പ്പൂണുമ്പോഴാ ലാവ പക്ഷേ തുഹിനരമ്യം.

മന്ദ്രമാമാ ധ്വനിതരംഗങ്ങളേറ്റ പുളകത്തിൽ
മങ്ങിനിന്ന ചക്രവാളം ചിരിച്ചിടുന്നൂ;

അപരഗോളങ്ങൾ നിൽപ്പൂ സാശ്ചര്യമിഴിയിലൂറു–
മനുഭാവമധുരാശീർവ്വചനമോടെ.

ഃഃഃ

ഈ യുഗത്തിൻ സഹസ്രാംശുമാനീ മനുഷ്യനെത്തട–
യാവല്ലെന്നു ജീർണ്ണനിഴൽ വിളറിപ്പോകേ,

ഭാവിതന്നരിയ ചുണ്ടിൽ ത്താവിടുന്നൂ നിത്യശാന്തി
ഭാസുരമായ്; കാൺമൂ ലോകരുദ്ധർഷബാഷ്പം.

# കാലത്തിന്റെ ചിരി

വണ്ടു പണ്ടൊരു മധ്യാഹ്നത്തിലാക്കാണും കുന്നിൻ–
പള്ളയിൽക്കാട്ടിൽച്ചെന്നു മഞ്ചാടി പെറുക്കുമ്പോൾ

ക്ഷിപ്രകോപിയാമൊരു തോഴനെൻകവിൾക്കൂമ്പി–
ലപ്രതീക്ഷിതമായിക്കൈവെച്ചതോർപ്പേനിപ്പോൾ.

ചിരിച്ചൂ മറ്റെല്ലാരും; പൊയ്കയിൽ വെള്ളാമ്പൽപോൽ
കരയിൽ തലതാഴ്ത്തിനിന്നു ഞാൻ മൗഢ്യത്തോടേ!

വിരിയും പതിറ്റടിപ്പൂവിതൾപോലുള്ളഞ്ചു
വിരലാണവന്റേതെന്നോർപ്പു ഞാൻ; എന്നാലെന്തേ

അഞ്ചുകൈവിരലിന്റെ പാടുകളെന്നാത്മാവിൻ–
പുഞ്ചിരി ചോരും കവിൾക്കൂമ്പിലന്നുണ്ടായ്ത്തീരാൻ?

അധികം ബലമുള്ളദേഹമാണവന്റേതെ–
ന്നറിഞ്ഞെൻ മിഴി രണ്ടും നിറഞ്ഞു കാണെക്കാണെ;

''തന്നതും പലിശയും തിരികെക്കൊടുത്തിട്ടാ–
ത്തണ്ടുതപ്പിതന്നൂറ്റമടക്കാൻ കഴിഞ്ഞെങ്കിൽ!''

കാരണമെന്തേ ശണ്ഠയ്ക്കാരായിരുന്നൂ കുറ്റ–
ക്കാരൻ? ഓർപ്പീലാ; നിലനിൽക്കുന്നു ദുഃഖംമാത്രം!

ഊഊഊ

അന്നത്തെ മഞ്ചാടിക്കാടെവിടെപ്പോയീ? കുന്നിൻ–
ചെന്നിയിൽക്കാണ്മേനിന്നു സിമന്റിട്ടൊരു സൗധം.

കീലിട്ട റോഡും കാണ്മൂ, ചട്ടിപ്പൂവണിക്കമ്പി–
വേലിയും, അമുക്കിയാൽത്തുറിപ്പൂ കുഴൽവെള്ളം!

മാനത്തു നീളെച്ചുററിപ്പടർന്നു കിടക്കുന്നു
മാനവപരിഷ്കാരസ്രോതസ്സിൻ സിരാബന്ധം.

സിൽക്കുകൊണ്ടെഴും ബുഷ്ഷും ഫ്രോക്കുമിട്ടാഹ്ലാദത്തിൻ
സീൽക്കൃതിപോലെ തുള്ളിക്കളിപ്പൂ പുൽമേടയിൽ

പാപ്പാസിൽക്കുഞ്ഞിക്കാലു മൂടിയ കിശോരങ്ങൾ;
കേൾപ്പിതന്നേരം വിദ്യാക്ഷേത്രഘണ്ടതൻ നാദം.

ഇന്നെന്റെ മണിക്കുഞ്ഞിൻ കൈപ്പടം ദൈവത്തിന്റേ–
തെന്നപോൽ മധുരിക്കും നിഷ്കാമവാത്സല്യത്താൽ

രോജപ്പു വിടരുംപോലത്ര മെല്ലെന്നെൻ താടി–
രോമത്തിലുരസുമ്പോളിരിപ്പൂ ഞാനെൻ വീട്ടിൽ.

തനിയേ കൂമ്പിപ്പോമെന്നാത്മാവിൽക്കിനിഞ്ഞ തേ–
നനഘതീർത്ഥംപോലെപ്പെരുകിയൊലിക്കയാൽ

വെള്ളത്തിലെഴുതിയ ശാപവാക്യത്തെപ്പോലെ–
ന്നുള്ളിലെശ്ശിലാലേഖ മാഞ്ഞുപോയിരിക്കുന്നു!

ഊഊഊ

പൊടിവൂ ചിരി, സംഭവങ്ങൾതൻപിന്നിൽത്തിരി–
പ്പിടിക്കും കാലത്തിന്റെ ചിരി കണ്ടെനിക്കിപ്പോൾ.

ഇന്നലെ വിദ്യാലയപ്രാന്തത്തിൽ നില്ക്കും ബസ്സിൽ
ചെന്നുകേറുംമുമ്പതുനിരങ്ങിക്കുതിച്ചപ്പോൾ

മധ്യാഹ്നവെയ്ലെമ്പാടും മധുരക്കിനാവാക്കു–
മധ്യയനാനന്തരക്കുളിർപുഞ്ചിരിയോടേ

വന്നെത്തും ചിടുങ്ങന്മാരെന്നുടെ ചുറ്റും ചേർന്നു
നിന്നുകൊണ്ടെന്തോ തമ്മിൽ പറഞ്ഞു ചിരിച്ചപ്പോൾ

''പോവി''നെന്നാക്രോശിച്ചേൻ കളിയായ്; അവരാട്ടേ,
കൂവുകയായീ, വാരിക്കല്ലെറിയുകയായി.

നെറ്റിയിലെനിക്കൊരു മുറിവുണ്ടായീ, ചോര–
യിറ്റിറ്റു വീണൂ, ഷർട്ടിലത്രയും പാടുണ്ടായീ.

എങ്കിലുമെന്നാത്മാവിൻ നെറ്റിയ്ക്കാക്കൽത്തുണ്ടുകൾ
പങ്കജങ്ങളായല്ലോ തോന്നി, ഞാൻ ചിരിച്ചല്ലോ.

ഊഊഊ

അപ്പോഴേയ്ക്കെന്തിന്നൊരാൾ പാഞ്ഞെത്തിക്കിടാങ്ങളെ–
യപ്പടി വടിവീശിയോടിപ്പൂ നിർദ്ദാക്ഷിണ്യം?

എന്തിനുമാട്ടേ, ക്ഷണാലദ്ദേഹം നിണം ചോരു–
മെന്റെ നെറ്റിയിൽ 'ടിങ്ചറയോഡിൻ' പുരട്ടുന്നു.

ഒടുവിൽ ചോദിക്കുന്നു, ''നിങ്ങളോർപ്പീലേ, നാം പ–
ണ്ടൊരു നാളിവിടുത്തെ മഞ്ചാടിക്കാടിന്നുള്ളിൽ

ഒന്നിച്ചു വിഹരിച്ചതൊന്നിച്ചു കളിച്ചതു–
മൊന്നിച്ചു തമ്മിൽ പോരടിച്ചതും കരഞ്ഞതും?''

ഉണ്ടെന്നുമുരിയാടീലില്ലെന്നും; ബാല്യത്തിലെ–
ത്തണ്ടുതപ്പിയെക്കെട്ടിപ്പുല്കി ഞാൻ കണ്ണീരോടേ.

# ഭാരതീയന്റെ ഗാനം

നമ്മൾ വിളിപ്പൂ ലോകത്തെ,സ്സഖി,

നമ്മൾ വിളിപ്പൂ കാലത്തെ!

ആദിത്യൻമുതലണുവരെ നീളും
ഭൂതപ്രേമവിപാകത്താൽ

സോമം നൊട്ടിയ നാവാൽക്കളമൃദു–
സാമം പാടിയ കണ്ഠത്താൽ

നമ്മൾ വിളിപ്പൂ ലോകത്തെ, സ്സഖി,
നമ്മൾ വിളിപ്പൂ കാലത്തെ,

ഃഃഃ

മൃത്തിൽ, മനുഷ്യമനസ്സിൽ, കൊമ്പും
കുത്തി രമിക്കും ചൈതന്യം

ഞെട്ടിയുണർന്നെഴുനേൽപ്പൂ, തട്ടി–
പ്പൊട്ടിക്കുന്നൂ ശോകത്തെ.

റബ്ബറുരുക്കു സിമന്റും ടാറും
കുപ്പിച്ചില്ലും വാർണീഷും

പ്ലാസ്റ്റിക്കഭ്രവുമാസ്ബസ്റ്റോസും
പ്ലൈവുഡ്ഡും ചേർന്നിഴുകുമ്പോൾ,

നമ്മൾ നിണത്തുടുമേഘം പെയ്യും
മംഗളവേർപ്പിൻ കുളിരേൽക്കേ

നമ്മുടെ ഭാവന നെഞ്ചിൽ വരയ്ക്കും
സമ്മോഹനമാതൃകപോലേ

സൃഷ്ടിക്കുന്നൂ നാകത്തെ, പ്രിയ–
വിഷ്ടപസൗഖ്യവിതാനത്തെ,

ശിഷ്ടഗുണാവലി നടനംചെയ്യും
ഹൃഷ്ടജനപ്രാസാദത്തെ

നമ്മളുരുക്കാൽ കോൺക്രീറ്റാലും
ചങ്ങലവെച്ചു തളയ്ക്കുന്നു

ദുർദ്ദമനദികളെ,യെന്നിട്ടവയുടെ

വിദ്യുച്ഛക്തി കറക്കുന്നു.

വിസ്മയമയമാ ക്ഷീരം നല്കിയ
വിഭ്രമകരമാമൂർജ്ജജസ്സാൽ

എങ്ങും ജീവശരീരത്തിന്മേൽ–
ത്തിങ്ങിയ മാറാവ്യസനങ്ങൾ

മന്ദമുണങ്ങിവരുന്നു; വയൽ മദ–
മന്ഥരലാസ്യം ചെയ്യുന്നു

പാലലകടലിൽത്താമരമലരിൽ–
പ്പള്ളിപിറന്നൊരു വധുപോലെ!

മണ്ടിയൊളിപ്പൂ ഹൃദയത്തെരുവിൽ–
ത്തെണ്ടും നിഷ്ഠുരശാപങ്ങൾ,

പാതയിൽ നൊണ്ടിത്തേങ്ങിനടക്കും
പാപത്തിൻ പ്രതിരൂപങ്ങൾ!

പല്ലാലല്ല, നഖത്താലല്ല,
മിന്നും വാൾമുനയാലല്ല,

തീയലചിതറും തോക്കാലല്ല,
പേയലറും നാക്കാലല്ല.

കലിയുഗനരസിംഹത്തെപ്പോലെ–
ക്കൽക്കികണക്കെയുമുളവായോ–

രണുബോമ്പാലല്ലതുതിർക്കും ശത–
ഗുണിതമൃഗപ്പകയാലല്ല,

നമ്മൾ ജയിപ്പൂ ശോകത്തെ സ്സഖി,
നമ്മൾ രചിപ്പൂ നാകത്തെ.

ഊഊഊ

ആയിരമശ്രുതരംഗിണി ചേരുമൊ–
രാഴി കടഞ്ഞിട്ടുളവായീ

ഒരു വരസൗരഭമൊരു വരസൗഭഗ,–
മൊരു സുധ, പൊരുളിൻപൊരുൾപോലെ.

ഘോരതപഃകൃശഭാരതപൂർവ്വിക–
ധീരന്മാരുടെ മജ്ജകളിൽ,

താമരനൂൽപോലുള്ള സുഷുമ്നാ–
നാഡിയിൽ, നമ്മൾവഹിക്കുന്നു

ആയിരമായിരമാണ്ടിനു മുന്നാ–
ലായത്തം തൽപ്പീയൂഷം.

അതിൽനിന്നൂറും തേജസ്സാൽപ്പര–
മത്ഭുതകരമാമോജസ്സാൽ

കരളിലഹംഭാവത്തിൻഹിമവൽ–
ഗ്ഗിരിയുടെ വിനയം കുനിയുമ്പോൾ

പഞ്ചനദംപോൽപ്പൂതം നമ്മുടെ
പഞ്ചേന്ദ്രിയവും തെളിയുമ്പോൾ

അപചിതരാഷ്ട്രവിമുക്തിദ്രാക്ഷാ–
രുചി രക്തത്തിൽപ്പതയുമ്പോൾ

നിർദ്ദയസാമ്രാജ്യത്വപ്പുലിയുടെ
കർദ്ദമരൂഷിതനഖരത്തിൽ

ശരശിഖരത്തിലൊരന്നൽകണക്കെ–
ക്കുരിശിൽ ക്രിസ്തു കണക്കേയും

ഇരുനൂറാണ്ടുകളുതിരു ചിന്നി–
ക്കരുമന തിന്നൊരു കഥയോർക്കെ

ഊറും കണ്ണീർ തനിയേ മുത്തായ്–
ത്തീരുന്നുണ്ടാ മുത്താലേ

നമ്മൾ ജയിപ്പൂ ശോകത്തെ,സ്സഖി,
നമ്മൾ രചിപ്പൂ നാകത്തെ.